VOL NO: 03 | ISSUE 12

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 MARCH 23 | ₹12

## പരീക്ഷയുടെ ചൂടിൽ വിസ്മരിക്കപ്പെടുന്നത്

കുട്ടികൾക്ക് പരീക്ഷയുടെ കാലമാണിത്. വേനൽ ചൂടിനൊപ്പം പരീക്ഷാ ചൂടും ഉയർന്നുനിൽക്കുന്ന സമയം. പരീക്ഷയുടെ പേരിൽ കുട്ടികളെക്കാൾ ടെൻഷനടിക്കുന്നത് അവരുടെ മാതാപിതാക്കളാണ്. ഉയർന്ന മാർക്ക് വാങ്ങി ജയിക്കലും സർക്കാർ ജോലി കരസ്ഥമാക്കലുമൊക്കെയാണ് ജീവിതം, അതിന് കഴിയാത്തവർ ഒന്നിനും കൊള്ളാത്തവരാണ് എന്ന സന്ദേശമാണ് പല രക്ഷിതാക്കളും മക്കൾക്ക് നൽകിക്കൊണ്ടിരിക്കുന്നത് എന്നത് ഖേദകരമാണ്. ദൈവം നൽകിയ ബുദ്ധിയും സാമർഥ്യവും ഉപയോഗിച്ച് മുന്നേറാൻ കുട്ടികളെ സമ്മതിക്കാതെ തങ്ങളുടെ അനന്തമായ അത്യാഗ്രഹങ്ങൾ സഫലമാക്കുവാൻ അവരെ നിർബന്ധിക്കുന്നതിൽപരം അക്രമം അവരോട് ചെയ്യാനില്ല.



## പൊള്ളുന്ന കേരളം വറ്റുന്ന കുടിവെള്ളം

കേരളം ഒരു മഹാ പ്രളയത്തിൽ നിന്ന് കര കയറിയിട്ട് മാസങ്ങൾ ഏറെയായിട്ടില്ല. അപ്പോഴേക്കും ക്രമാതീതമായ ചൂടിലേക്കും കടുത്ത വരൾച്ചയിലേക്കും നാട് വഴിമാറിയിരിക്കുകയാണ്. പ്രളയസമയത്തെ ഒഴുക്കിൽ പുഴയുടെ അടിത്തട്ട് ഇളകിപ്പോയതും പ്രളയശേഷമുണ്ടായ മഴലഭ്യതയിലെ ക്ഷാമവുമെല്ലാമാണ് വരൾച്ചയിലേക്ക് എത്തിച്ചത് എന്നാണ് ഈ രംഗത്തെ വിദഗ്ധർ പറയുന്നത്. എന്നാൽ മനുഷ്യരുടെ പക്വതയില്ലാത്ത പ്രകൃതിയുപയോഗം തന്നെയാണ് പ്രശ്നങ്ങളുടെ പ്രധാന കാരണമെന്നത് ഏവർക്കും അറിയുന്ന വസ്തുതയാണ്. കൃത്യവും വ്യക്തവുമായ പാരിസ്ഥിതികബോധം ആർജിച്ചെടുത്താൽ മാത്രമെ അടുത്ത കാലഘട്ടത്തിൽ നമുക്ക് അതിജയിക്കാൻ കഴിയൂ എന്ന ബോധം ഓരോ പൗരന്റെയും മനസ്സിൽ ഊട്ടിയുറപ്പിക്കേണ്ടതുണ്ട്.

|| പ്രശസ്തി ആഗ്രഹിക്കുന്നവരോട്

|| മുല്ലമാർക്കെതിരെ മൂലം സഭയിലെ മുല്ലപ്പൂ വിപ്ലവം




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840




# നേർപഥം
വാരിക

0114 / 2019 മാർച്ച് 23 / 1440 റജബ് 16 / പുസ്തകം 03 / ലക്കം 12


# പൊള്ളുന്ന കേരളം വറ്റുന്ന കുടിവെള്ളം


ഉസ്മാൻ പാലക്കാഴി / 10

**ലേഖനം**

ദുഃഖത്തിന്റെ വർഷം / 07
ഫദ്‌ലുൽ ഹഖ് ഉമരി

പ്രശസ്തി ആഗ്രഹിക്കുന്നവരോട് / 18
സമീർ മുണ്ടേരി

മുസ്‌ലിം വിദ്യാഭ്യാസ വഴിയിൽ മുള്ള് വിതറിയ മുല്ലമാർക്കെതിരെ മൂലം സഭയിലെ മുല്ലപ്പൂ വിപ്ലവം / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

പ്രാർഥനക്ക് ഉത്തരം ലഭിക്കാൻ / 24
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

അഹ്മദ് ബറേൽവി: തുടക്കവും പരിണാമവും / 26
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**മുഖമൊഴി**

പരീക്ഷയുടെ ചൂടിൽ വിസ്മരിക്കപ്പെടുന്നത് / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

അബസ (മുഖം ചുളിച്ചു) / 16
ഹാരിസ് ബിൻ സലീം

**ചരിത്രപഥം**

പരിശുദ്ധയായ മാതാവ്, അനുഗ്രഹീതനായ കുഞ്ഞ് / 30
ഹുസൈൻ സലഫി, ഷാർജ

**കവിത**

അവസാനത്തെ പേജ് / 34
അബൂ ഫായിദ



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# തെരഞ്ഞെടുപ്പിന്റെ ആരവങ്ങളുയരുമ്പോൾ

പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞു. ഏപ്രിൽ 11 മുതൽ ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ ഊഴം ഏപ്രിൽ 23നാണ്.

ഇന്ത്യൻ ജാനാധിപത്യ ചരിത്രത്തിൽ ഏറ്റവും നിർണായകമായ തെരഞ്ഞെടുപ്പിന് മുന്നിലാണ് നാം നിൽക്കുന്നത് എന്ന ബോധ്യം ഓരോ പൗരനും ഉണ്ടാവേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തുല്യതയില്ലാത്ത ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളുടെ നാളുകളാണ് കഴിഞ്ഞുപോയത്.

ലജിസ്ലേറ്റീവിനെയും ജുഡീഷറിയെയും തങ്ങളുടെ ചൊൽപടിക്ക് നിർത്താനുള്ള ശ്രമങ്ങൾ നടന്നു. ജനാധിപത്യ ഇന്ത്യാ ചരിത്രത്തിലാദ്യമായി സുപ്രീംകോടതി ജഡ്ജിമാർ കേന്ദ്ര സർക്കാരിനെതിരെ വാർത്താസമ്മേളനം നടത്തുന്ന രീതിയിലേക്ക് കാര്യങ്ങൾ വഷളായി. എന്ത് കഴിക്കണം, എന്ത് ഉടുക്കണം, എന്ത് ചിന്തിക്കണം എന്ന് തുടങ്ങിയ ഓരോ പൗരന്റെയും മൗലികാവകാശങ്ങളെ ധ്വംസിക്കുവാൻ വരെ അധികാരത്തിന്റെ തണലിൽ സംഘപരിവാർ ശക്തികൾ ശ്രമിച്ചു. കടുത്ത വർഗീയ വിഷം ചീറ്റുന്ന പ്രസ്താവനകളും പ്രകോപന പ്രസംഗങ്ങളും നടത്തി ദളിതരെയും ന്യൂനപക്ഷങ്ങളെയും അരക്ഷിതരാക്കാനുള്ള തന്ത്രങ്ങൾ സംഘപരിവാർ 'സാക്ഷി'കൾ കൃത്യമായ ഇടവേളകളിൽ നടപ്പാക്കി.

രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നടുവൊടിച്ച നോട്ട് നിരോധനം എങ്ങനെ നാം മറക്കും? ആയിരക്കണക്കിന് കർഷകർ കടബാധ്യതമൂലം ആത്മഹത്യ ചെയ്തു. ചെറുകിട വ്യവസായങ്ങൾ തകർന്നടിഞ്ഞു. സ്ത്രീ സംരക്ഷണത്തിന്റെ പേര് പറഞ്ഞ് കൊണ്ടുവന്ന മുത്ത്വലാക് നിരോധന ബിൽ ഏകസിവിൽ കോഡിലേക്കുള്ള ചവിട്ടുപടിയായി കേന്ദ്ര സർക്കാർ കാണുന്നുവെന്നത് യാഥാർഥ്യം.

മാധ്യമങ്ങളെയും സാമൂഹ്യ പ്രവർത്തകരെയും സാഹിത്യകാരന്മാരെയും സംഘപരിവാറുകാർ വെറുതെവിട്ടില്ല. രാജ്യസ്നേഹത്തിന്റെ മൂടുപടമണിഞ്ഞ്, തങ്ങളെ എതിർക്കുന്നവരെയെല്ലാം രാജ്യദ്രോഹികളായി മുദ്രകുത്താൻ അവർ വ്യഗ്രതകാണിക്കുന്നു.

ഇന്ത്യൻ ഭരണഘടന ജനാധിപത്യവിരുദ്ധ പ്രവണതകൾക്ക് തടയിടുന്നു എന്ന തിരിച്ചറിവ് ഭരണകൂടത്തെ തെല്ലൊന്നുമല്ല അസ്വസ്ഥമാക്കുന്നത്. ഇനിയൊരവസരം ലഭിച്ചാൽ ഭരണഘടന തന്നെ മാറ്റിയെഴുതി ജനാധിപത്യ ഇന്ത്യയുടെ ചരമക്കുറിപ്പ് രചിക്കാനാണ് സംഘപരിവാർ തയ്യാറെടുക്കുന്നത് എന്ന് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞ അഞ്ച് വർഷം ജനങ്ങൾ അനുഭവിച്ചത് തുല്യതയില്ലാത്ത പ്രയാസങ്ങളാണ്. ഈ പ്രയാസങ്ങളും ജനാധിപത്യ, മതേതരത്വവിരുദ്ധ ചിന്താഗതികളും ഇനിയും നിലനിൽക്കേണമോ എന്നതാണ് നമ്മുടെ മുന്നിലുള്ള ചോദ്യം. ജനാധിപത്യവും മതേതരത്വവും മനുഷ്യസൗഹാർദവും രാജ്യത്ത് നിലനിൽക്കരുത് എന്നാഗ്രഹിക്കുന്നവരുടെ കൈകളിൽ രാജ്യത്തെ ഏൽപിച്ചുകൂടാ. സ്വാർഥതാൽപര്യങ്ങളും തെരഞ്ഞെടുപ്പ് ഗിമ്മിക്കുകളും ഫേക്ക് ന്യൂസുകളും പ്രകോപന ശ്രമങ്ങളും ഒന്നും നമ്മുടെ മനസ്സിനെ സ്വാധീനിച്ച് കൂടാ. ഓരോ പൗരനും മാധ്യമങ്ങളും ശക്തമായ ജാഗ്രത പുലർത്തേണ്ട സമയം.

കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും മതേതര പാർട്ടികൾ ജാഗ്രതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യണം. ജനാധിപത്യ ശക്തികളെ പരമാവധി ചേർത്തുപിടിച്ച് ഈ തെരഞ്ഞെടുപ്പ് പ്രക്രിയയെ അർഥവത്താക്കണം. ചെറിയ ചില നഷ്ടങ്ങൾ സംഭവിച്ചാലും അത് നല്ല നാളേക്കുള്ള ഒരു കരുതലായി കാണാൻ സാധിക്കണം.

ഹിന്ദുവും മുസ്‌ലിമും ജൈനനും ബൗദ്ധനും മതമില്ലാത്തവനും വർണ, വർഗ, ഭാഷ, വേഷ വ്യത്യാസമന്യെ അവനവന്റെ ആദർശങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് തന്നെ ഒരുമയിൽ കഴിയണം. വെറുപ്പിന്റെയും വർഗീയതയുടെയും വിദ്വേഷത്തിന്റെയും മുകളിൽ തീർത്ത ചീട്ടുകൊട്ടാരത്തെ തകർത്തെറിഞ്ഞ് നല്ലൊരു ഇന്ത്യയെ നമുക്കൊരുമിച്ച് കെട്ടിപ്പടുക്കാം.

**-നബീൽ പയ്യോളി റിയാദ്**

മുഖമൊഴി

# പരീക്ഷയുടെ ചൂടിൽ വിസ്മരിക്കപ്പെടുന്നത്

**കു**ട്ടികൾക്ക് പരീക്ഷയുടെ കാലമാണിത്. വേനൽ ചൂടിനൊപ്പം പരീക്ഷാ ചൂടും ഉയർന്നുനിൽക്കുന്ന സമയം. പരീക്ഷയുടെ പേരിൽ കുട്ടികളെക്കാൾ ടെൻഷനടിക്കുന്നത് അവരുടെ മാതാപിതാക്കളാണ്-വിശിഷ്യാ മാതാക്കൾ-എന്നതാണ് വാസ്തവം. ടെൻഷനില്ലാതെ തങ്ങളാലാവും വിധം പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ പോലും ടെൻഷനടിപ്പിക്കുന്നതിൽ ഭൂരിപക്ഷം മാതാപിതാക്കളും വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

എല്ലാ കുട്ടികളുടെയും ബൗദ്ധികനിലവാരം ഒരുപോലെയല്ലല്ലോ. വളരെ നന്നായി പഠിക്കാൻ കഴിയുന്നവരും പഠനത്തിൽ ശരാശരി നിലവാരം പുലർത്തുന്നവരും വളരെ പിന്നാക്കം നിൽക്കുന്നവരും ഉണ്ടാകും. ഈ ബോധമില്ലാതെ ഗ്രാഹ്യശേഷി കുറഞ്ഞ കുട്ടികളെ പോലും അടിച്ചും തൊഴിച്ചും നിർബന്ധിച്ചും ഫുൾ എ പ്ലസ് വാങ്ങിപ്പിക്കാൻ കഠിനാധ്വാനം ചെയ്യുന്ന രക്ഷിതാക്കൾ പച്ചമാങ്ങ തല്ലിപ്പഴുപ്പിക്കുന്ന പ്രവർത്തനമാണ് ചെയ്യുന്നത് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

ഉയർന്ന മാർക്ക് വാങ്ങി ജയിക്കലും സർക്കാർ ജോലി കരസ്ഥമാക്കലുമൊക്കെയാണ് ജീവിതം, അതിന് കഴിയാത്തവർ ഒന്നിനും കൊള്ളാത്തവരാണ് എന്ന സന്ദേശമാണ് പല രക്ഷിതാക്കളും മക്കൾക്ക് നൽകിക്കൊണ്ടിരിക്കുന്നത് എന്നത് ഖേദകരമാണ്. ദൈവം നൽകിയ ബുദ്ധിയും സാമർഥ്യവും ഉപയോഗിച്ച് മുന്നേറാൻ കുട്ടികളെ സമ്മതിക്കാതെ തങ്ങളുടെ അനന്തമായ അത്യാഗ്രഹങ്ങൾ സഫലമാക്കുവാൻ അവരെ നിർബന്ധിക്കുന്നതിൽ പരം അക്രമം അവരോട് ചെയ്യാനില്ല.

പഠിക്കാനുള്ള സൗകര്യങ്ങളും സഹായങ്ങളുമെല്ലാം ചെയ്തുകൊടുക്കണം. ആധുനിക ലോകത്ത് വിദ്യാഭ്യാസമില്ലാത്ത ജീവിതം ക്ലേശകരമാണെന്ന് മനസ്സിലാക്കിക്കൊടുക്കണം. ഒരു വരുമാനമാർഗം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തിക്കൊടുക്കണം. എന്നാൽ ജീവിതമെന്നാൽ പരീക്ഷയും നൂറിൽ നൂറ് മാർക്ക് വാങ്ങലും ഉന്നത ജോലി നേടലും മാത്രമാണെന്ന ചിന്താഗതി മക്കൾക്ക് പകർന്നു നൽകിക്കൂടാ. അവരുടെ പഠിക്കാനുള്ള ശേഷിയും അവർക്ക് അഭിരുചിയുള്ള മേഖലയും മനസ്സിലാക്കി അതിനനുസരിച്ച് അവരെ വിട്ടേക്കാം.

പത്താം തരത്തിൽ തോറ്റ പലരും ഇന്ന് വൻകിട കച്ചവടക്കാരും പണക്കാരുമായി ജീവിക്കുന്നുണ്ട്. അവരുടെ കൂടെ പഠിച്ച പലരും ഉന്നത പഠനം നടത്തി തൊഴിലില്ലാതെ അലയുകയോ, വരുമാനം കുറഞ്ഞ ജോലി ചെയ്ത് ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയോ ചെയ്യുന്നു! ഫുൾ എ പ്ലസ് അല്ല ഭൗതിക ജീവിതത്തിനു നിദാനം എന്നർഥം.

നമ്മുടെ മക്കൾക്ക് നാം പകർന്നു നൽകുന്ന സ്നേഹവും സംരക്ഷണവും നമുക്ക് അവരിൽനിന്ന് തിരിച്ചു കിട്ടണം. നമ്മുടെ വാർധക്യത്തിൽ അവർ നമുക്ക് തണലായി മാറണം. പരീക്ഷയിൽ കിട്ടിയ എ പ്ലസിന്റ എണ്ണം കൂടുന്നതിനനുസരിച്ച് അവരുടെ സ്നേഹം വർധിക്കില്ല. അതിന് നാം അവർക്ക് ചെറുപ്പം മുതലേ ധാർമിക മൂല്യങ്ങൾ പകർന്നു നൽകണം. അല്ലാത്ത പക്ഷം അവർ വലുതായാൽ കൈപ്പേറിയ പെരുമാറ്റം അവരിൽ നിന്നുണ്ടായേക്കാം. അപ്പോൾ ഖേദിച്ചിട്ടോ, അവരെ കുറ്റപ്പെടുത്തിയിട്ടോ കാര്യമുണ്ടാകില്ല എന്നത് പ്രത്യേകം ഓർക്കുക. ഭാവിയിൽ തങ്ങൾക്കും കുടുംബത്തിനും സമൂഹത്തിനും നാടിനുമൊക്കെ ഉപകരിക്കുന്ന നല്ല പൗരന്മാരായി നമ്മുടെ മക്കൾ മാറണം എന്നാഗ്രഹിക്കുന്ന ഏതൊരു മാതാവും പിതാവും അവരുടെ ശാരീരിക വളർച്ചയിലെന്ന പോലെ ധാർമിക-സാംസ്കാരിക വളർച്ചയിലും ശ്രദ്ധിക്കേണ്ടതുണ്ട്.

“നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്'' (ക്വുർആൻ 64:15).

ലേഖനം

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

മുഹമ്മദ് നബിﷺ: 15



# ദുഃഖത്തിന്റെ വർഷം

**അ**ബൂത്വാലിബിന്റെ രോഗം ശക്തമായി. മലയിടുക്കിൽ നിന്നും തിരിച്ചുവന്ന ശേഷമായിരുന്നു അദ്ദേഹത്തിന്റെ മരണം. പ്രവാചകത്വത്തിന്റെ പത്താം വർഷം അവസാനത്തിലായിരുന്നു ഇത്; ഹിജ്റയുടെ ഏതാണ്ട് 3 വർഷം മുമ്പ്. മരിക്കുമ്പോൾ 87 വയസ്സ് പ്രായമായിരുന്നു. മുഹമ്മദ് നബിﷺയെ ദ്രോഹിക്കുന്നവരിൽ നിന്നെല്ലാം അദ്ദേഹത്തെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. 40 വർഷത്തിൽ കൂടുതൽ അദ്ദേഹത്തിന്റെ സഹായം മുഹമ്മദ് നബിﷺക്ക് ലഭിച്ചിട്ടുണ്ട്. എങ്കിലും അബൂതാലിബ് തന്റെ ജനതയുടെ മതത്തിൽ തന്നെയായിരുന്നു. ഈ അവസ്ഥയിലാണ് അബൂത്വാലിബ് മരണപ്പെടുന്നതും.

സഈദുബ്നുൽ മുസയ്യബ്‌ؓ തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു; അദ്ദേഹം പറയുകയാണ്: "അബൂത്വാലിബിന്റെ മരണ സമയമായപ്പോൾ മുഹമ്മദ് നബിﷺ അവിടെ ചെന്നു. അ

ബൂജഹൽ, അബ്ദുല്ലാഹിബ്നു അബീഉമയ്യത് തുടങ്ങിയവർ അവിടെ ഉണ്ടായിരുന്നു. മുഹമ്മദ്നബിﷺ അബൂത്വാലിബിനോട് പറഞ്ഞു: 'അല്ലയോ പിതൃവ്യാ, നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയൂ. അല്ലാഹുവിന്റെ മുമ്പിൽ അങ്ങേക്കുവേണ്ടി ഞാൻ സാക്ഷി പറയാൻ പറ്റുന്ന ഒരു വചനം.' അപ്പോൾ അബൂജഹലും അബ്ദുല്ലാഹിബ്നു അബീ ഉമയ്യതും ചോദിച്ചു: 'അല്ല, അബൂത്വാലിബ്! താങ്കൾ അബ്ദുൽ മുത്ത്വലിബിന്റെ മതം കൈവിടുകയോ?' മുഹമ്മദ് നബിﷺ അബൂത്വാലിബിന്റെ മുമ്പിൽ കലിമത്ത് പറഞ്ഞുകൊണ്ടേയിരുന്നു. പക്ഷേ, അവസാനം അബൂത്വാലിബ് അബ്ദുൽ മുത്ത്വലിബിന്റെ മില്ലത്തിൽ എന്നു പറഞ്ഞു കൊണ്ടാണ് മരണപ്പെട്ടത്. ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയാൻ അബൂത്വാലിബ് വിസമ്മതിച്ചു. ഈ സന്ദർഭത്തിൽ മുഹമ്മദ് നബിﷺ പറഞ്ഞു: 'അല്ലാഹുവാണ് സത്യം; എന്നോട് വിലക്കപ്പെടാത്തിടത്തോളം കാലം അങ്ങേക്കുവേണ്ടി ഞാൻ പാപമോചന പ്രാർഥന നടത്തുക തന്നെ ചെയ്യും.' അപ്പോൾ അല്ലാഹു തആല ഈ വചനം ഇറക്കി: "ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്കു വ്യക്തമായിക്കഴിഞ്ഞതിന് ശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ -അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും- പ്രവാചകന്നും സത്യവിശ്വാസികൾക്കും പാടുള്ളതല്ല"(തൗബ: 113). അബൂത്വാലിബിന്റെ ഈമാൻ ഇല്ലാത്ത മരണത്തിൽ മുഹമ്മദ് നബിﷺക്ക് ഏറെ വിഷമം തോന്നി. അപ്പോൾ അല്ലാഹു ഈ വചനം അവതരിപ്പിച്ചു കൊടുത്തു: "തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു" (ക്വസ്വസ്: 56)(ബുഖാരി: 3884. മുസ്‌ലിം: 24).

അബൂഹുറയ്റؓ പറയുന്നു: "മുഹമ്മദ് നബിﷺ തന്റെ പിതൃവ്യനോട് പറഞ്ഞു: 'നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയൂ. ഈ വചനം കൊണ്ട് അന്ത്യദിനത്തിൽ നിങ്ങൾക്ക് വേണ്ടി ഞാൻ സാക്ഷി പറയാം.' അപ്പോൾ അബൂത്വാലിബ് പറഞ്ഞു: 'ക്വുറൈശികൾ എന്നെ ആക്ഷേപിച്ചു പറയുമായിരുന്നില്ലെങ്കിൽ നിന്റെ കണ്ണിന് ഞാൻ കുളിർമ നൽകുമായിരുന്നു. അതായത് അബൂത്വാലിബിന് ഭയം തോന്നി എന്ന് അവർ എന്നെക്കുറിച്ച് പറയും.' അപ്പോഴാണ് അല്ലാഹു മുകളിൽ സൂചിപ്പിച്ച ആയത്ത് അവതരിപ്പിച്ചത് (മുസ്‌ലിം: 25).

അബൂത്വാലിബ് മുഹമ്മദ് നബിﷺയെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. അബൂത്വാലിബ് മുസ്‌ലിമാകണമെന്നും മുഹമ്മദ് നബിﷺ ആഗ്രഹിച്ചിരുന്നു. പക്ഷേ, അബൂത്വാലിബിന്റെ മനസ്സിൽ മുഹമ്മദ് നബിയോടാണ് സ്നേഹം ഉണ്ടായിരുന്നത്; മുഹമ്മദ് നബിയുടെ മതത്തോടായിരുന്നില്ല. ഏതായാലും അബൂത്വാലിബ് അവിശ്വാസിയായി മരിച്ചു. അദ്ദേഹത്തിന്റെ മകൻ അലിؓയാണ് അദ്ദേഹത്തെ മറമാടിയത്. അബൂത്വാലിബിന്റെ പര്യവസാനം നരകമാണ്. പക്ഷേ, നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷയാണ് അബൂത്വാലിബിന് ഉള്ളത്. അതും മുഹമ്മദ് നബിﷺയുടെ ശുപാർശയുടെ ഭാഗമായിക്കൊണ്ടാണ് ലഭിക്കുക. അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്ؓ പറയുന്നു: അദ്ദേഹം മുഹമ്മദ് നബിﷺ യോട് ചോദിച്ചു: 'നിങ്ങളുടെ പിതൃവ്യന് നിങ്ങളെക്കൊണ്ട് വല്ല ഉപകാരവും ലഭിക്കുമോ? അങ്ങേക്കുവേണ്ടി കോപിക്കുകയും അങ്ങയെ സംരക്ഷിക്കുകയും ചെയ്തിരുന്നല്ലോ.' അപ്പോൾ മുഹമ്മദ് നബിﷺ പറഞ്ഞു: 'അബൂതാലിബ് നരകത്തിന്റെ മുകൾ തട്ടിൽ ആയിരിക്കും. ഞാനില്ലായിരുന്നെങ്കിൽ അബൂത്വാലിബ് നരകത്തിന്റെ ഏറ്റവും അടിയിലെ തട്ടിൽ ആകുമായിരുന്നു' (ബുഖാരി:1883, മുസ്‌ലിം: 209). 'ഞാനില്ലായിരുന്നെങ്കിൽ' എന്ന മുഹമ്മദ് നബിﷺയുടെ വാചകം കൊണ്ട് ഉദ്ദേശിക്കുന്നത് മുഹമ്മദ് നബിയുടെ ശുപാർശ ഇല്ലായിരുന്നെങ്കിൽ എന്ന ആശയമാണ്. മറ്റൊരു ഹദീഥിൽ ഇത് വ്യക്തമായി കാണുവാൻ സാധിക്കും. മുഹമ്മദ് നബിﷺയുടെ മുമ്പിൽ തന്റെ പിതൃവ്യനെക്കുറിച്ച് പറയപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അന്ത്യ ദിനത്തിൽ എന്റെ ശുപാർശ അബൂത്വാലിബിന് ഫലം ചെയ്തേക്കാം. അങ്ങനെ നരക

**അബൂത്വാലിബ് മുഹമ്മദ് നബിﷺയെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. അബൂത്വാലിബ് മുസ്‌ലിമാകണമെന്നും മുഹമ്മദ് നബിﷺ ആഗ്രഹിച്ചിരുന്നു. പക്ഷേ, അബൂത്വാലിബിന്റെ മനസ്സിൽ മുഹമ്മദ് നബിയോടാണ് സ്നേഹം ഉണ്ടായിരുന്നത്; മുഹമ്മദ് നബിയുടെ മതത്തോടായിരുന്നില്ല. ഏതായാലും അബൂത്വാലിബ് അവിശ്വാസിയായി മരിച്ചു. അദ്ദേഹത്തിന്റെ മകൻ അലിؓയാണ് അദ്ദേഹത്തെ മറമാടിയത്. അബൂത്വാലിബിന്റെ പര്യവസാനം നരകമാണ്. പക്ഷേ, നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷയാണ് അബൂത്വാലിബിന് ഉള്ളത്. അതും മുഹമ്മദ് നബിﷺയുടെ ശുപാർശയുടെ ഭാഗമായിക്കൊണ്ടാണ് ലഭിക്കുക.**

ത്തിന്റെ മുകൾ ഭാഗത്ത് അബൂത്വാലിബിനെ ആക്കിയേക്കാം. അബൂത്വാലിബിന്റെ കാലുകളിൽ പതിക്കുന്ന തീജ്വാല പോലും തലച്ചോറിനെ തിളച്ചുമറിക്കുന്നതായിരിക്കും.' (ബുഖാരി: 1885. മുസ്‌ലിം: 210).


ഇബ്നുഅബ്ബാസി(റ)ന്റെ മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: നബി(ﷺ) പറയുന്നു: 'നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ അനുഭവിക്കുന്ന ആളാണ് അബൂത്വാലിബ്. രണ്ടു ചെരിപ്പുകൾ അബൂത്വാലിബിന് ധരിക്കുവാൻ നൽകും. അത് ധരിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ തലച്ചോർ തിളച്ചു മറിയും' (മുസ്‌ലിം: 212).

**ഖദീജ(റ)യുടെ മരണം**

ഖുവൈലിദിന്റെ മകൾ ഖദീജ(റ) നബി(ﷺ)യുടെ ഭാര്യയായിരുന്നു. അല്ലാഹു മുഹമ്മദ് നബി(ﷺ)ക്ക് നൽകിയ വലിയ അനുഗ്രഹമായിരുന്നു ആ ഭാര്യ. അവർ നബി(ﷺ)യിൽ വിശ്വസിച്ചു. പ്രയാസപ്പെട്ട സന്ദർഭങ്ങളിൽ ശക്തിനൽകി. തന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെയധികം സഹായിച്ചു. സമ്പത്ത്കൊണ്ടും ശരീരംകൊണ്ടും നബി(ﷺ)ക്ക് ആശ്വാസം നൽകി. അബൂത്വാലിബിന്റെ മരണം കഴിഞ്ഞ് അൽപ ദിവസങ്ങൾക്ക് ശേഷം ഖദീജ(റ)യും ഈ ലോകത്തോട് യാത്ര പറഞ്ഞു. ഇതോടെ നബി(ﷺ)ക്ക് രണ്ട് പ്രയാസങ്ങളാണ് ഒന്നിച്ചു വന്നത്. (ഒന്ന്) പുറമെനിന്ന് തന്റെ സഹായിയായി വർത്തിച്ച പിതൃവ്യന്റെ മരണം. (രണ്ട്) അകത്തു നിന്ന് തനിക്ക് താങ്ങും തണലുമായി നിന്ന ഭാര്യയുടെ മരണം.

അതോടെ നബി(ﷺ) തന്റെ വീട്ടിൽ തന്നെ കഴിച്ചുകൂട്ടാൻ തുടങ്ങി. വളരെ വിരളമായി മാത്രമെ പുറത്തിറങ്ങാറുണ്ടായിരുന്നുള്ളൂ. ഖദീജയുടെ വേർപാടിൽ നബി(ﷺ) ഏറെ ദുഃഖിച്ചു. ഹിജ്റയുടെ മൂന്ന് വർഷം മുമ്പായിരുന്നു ഖദീജയുടെ മരണം. അതായത് പ്രവാചകത്വത്തിന്റെ പത്ത് വർഷങ്ങൾക്കു ശേഷം. ഇസ്റാഉം മിഅ്റാജും ഉണ്ടാവുകയും അതിലൂടെ നമസ്കാരം നിർബന്ധമാക്കപ്പെടുകയും ചെയ്യുന്നതിന് മുമ്പായിരുന്നു ഇത്. ഹുജൂൻ എന്ന സ്ഥലത്തുള്ള മക്കക്കാരുടെ ക്വബ്ർസ്ഥാനിൽ അവരെ മറവുചെയ്തു. നബി(ﷺ) തന്നെയാണ് ക്വബ്റിൽ ഇറങ്ങി അവരെ വെച്ചത്. അന്ന് മയ്യിത്ത് നമസ്കാരം മതനിയമമാക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. നബി(ﷺ)യുടെ കൂടെ 25 വർഷമാണ് അവർ താമസിച്ചത്. ഖദീജ(റ) മരിക്കുമ്പോൾ അവർക്ക് 65 വയസ്സ് പ്രായമായിരുന്നു. നബി(ﷺ)ക്കാകട്ടെ 50 വയസ്സും.


**ഖുവൈലിദിന്റെ മകൾ ഖദീജ(റ) നബി(ﷺ)യുടെ ഭാര്യയായിരുന്നു. അല്ലാഹു മുഹമ്മദ് നബി(ﷺ)ക്ക് നൽകിയ വലിയ അനുഗ്രഹമായിരുന്നു ആ ഭാര്യ. അവർ നബി(ﷺ)യിൽ വിശ്വസിച്ചു. പ്രയാസപ്പെട്ട സന്ദർഭങ്ങളിൽ ശക്തിനൽകി. തന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെയധികം സഹായിച്ചു. സമ്പത്ത്കൊണ്ടും ശരീരംകൊണ്ടും നബി(ﷺ)ക്ക് ആശ്വാസം നൽകി. അബൂത്വാലിബിന്റെ മരണം കഴിഞ്ഞ് അൽപ ദിവസങ്ങൾക്ക് ശേഷം ഖദീജ(റ)യും ഈ ലോകത്തോട് യാത്ര പറഞ്ഞു. ഇതോടെ നബി(ﷺ)ക്ക് രണ്ട് പ്രയാസങ്ങളാണ് ഒന്നിച്ചു വന്നത്. പുറമെ നിന്ന് തന്റെ സഹായിയായി വർത്തിച്ച പിതൃവ്യന്റെ മരണം. അകത്തു നിന്ന് തനിക്ക് താങ്ങും തണലുമായി നിന്ന ഭാര്യയുടെ മരണം.**




അബൂഹുറയ്റ(റ) പറയുന്നു: ജിബ്‌രീൽ നബി(ﷺ)യുടെ അടുക്കൽ വന്നുകൊണ്ട് പറഞ്ഞു: 'പ്രവാചകരേ, ഒരു പാത്രവുമായി നിങ്ങളുടെ അടുത്തേക്ക് ഖദീജ വരികയാണ്. അതിൽ ഭക്ഷണവും കറിയും ഉണ്ട്. അവർ നിങ്ങളുടെ അടുക്കൽ വന്നാൽ അല്ലാഹുവിന്റെ ഭാഗത്തുനിന്നും എന്റെ ഭാഗത്തുനിന്നുമുള്ള സലാം പറയുക. സ്വർഗത്തിൽ ഒരു വീടുണ്ട് എന്നുള്ള സന്തോഷവാർത്തയും അറിയിക്കുക. അതിൽ ക്ഷീണവും പ്രയാസങ്ങളും ഇല്ല' (ബുഖാരി: 3820. മുസ്‌ലിം: 2432).

അലിയ്യുബ്നു അബീത്വാലിബ്ﷺ പറയുന്നു; നബിﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'സ്ത്രീകളിൽ ഏറ്റവും നല്ലവർ മറിയം ബിൻതു ഇമ്രാൻ ആണ്. സ്ത്രീകളിൽ ഏറ്റവും നല്ലവർ ഖദീജ ബിൻത് ഖുവൈലിദ് ആണ്'(ബുഖാരി:3815, മുസ്ലിം: 2430).

ആഇശﷺ പറയുന്നു:"ഖദീജയുടെ കാര്യത്തിൽ ഈൗർഷ്യത ഉള്ളതുപോലെ പ്രവാചകന്റെ ഒരു ഭാര്യമാരുടെ വിഷയത്തിലും ഞാൻ ഈൗർഷ്യത കാണിച്ചിട്ടില്ല. ഞാനാകട്ടെ അവരെ കണ്ടിട്ടുമില്ല. പക്ഷേ, അവരെക്കുറിച്ച് ധാരാളമായി നബിﷺ പറയാറുണ്ടായിരുന്നു. ചിലപ്പോൾ നബിﷺ ആടിനെ അറുക്കുകയും അതിനെ കഷ്ണം കഷ്ണമാക്കി ഖദീജയുടെ സുഹൃത്തുക്കൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. ചിലപ്പോൾ ഞാൻ നബിﷺയോട് പറഞ്ഞിട്ടുണ്ട്: 'ഖദീജ അല്ലാതെ മറ്റൊരു സ്ത്രീകളും ലോകത്തില്ലാത്ത പോലെയുണ്ട് നിങ്ങൾ കാണിക്കുന്നത് കണ്ടാൽ.' അപ്പോൾ നബിﷺ പറയും: 'ഖദീജ ഇന്നയിന്ന സ്വഭാവങ്ങൾ ഒക്കെ ഉള്ള ആളായിരുന്നു. അവരിൽ നിന്നാണ് എനിക്ക് മക്കൾ ഉണ്ടായത്" (മുഖാരി: 3818, മുസ്ലിം: 2435). ഖദീജﷺയുടെ മരണം വരെ നബിﷺ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തിട്ടില്ല. (മുസ്ലിം: 2436).




**മുഹമ്മദ് നബിﷺയുടെ ഉമ്മത്തിൽനിന്ന് ആദ്യമായി നബിﷺയിൽ വിശ്വസിച്ച വനിത, അല്ലാഹുവിന്റെ മാർഗത്തിലേക്ക് ഏറ്റവും ആദ്യമായി ക്ഷണിച്ച സ്ത്രീകളിൽ പെട്ടവർ, അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവും ആദ്യമായി ധനം ചെലവഴിച്ച വ്യക്തി, നബിﷺയുടെ പിന്നിൽ നിന്നുകൊണ്ട് ആദ്യമായി നമസ്കരിച്ച വ്യക്തി, ജിബ്രീലിന്റെ അടുക്കൽ അല്ലാഹു തആല ആദ്യമായി സലാം പറഞ്ഞയച്ച വ്യക്തി... ഇങ്ങനെ പല സവിശേഷതകളും ഉള്ള മഹതിയാണ് ഖദീജﷺ.**

മുഹമ്മദ് നബിﷺയുടെ ഉമ്മത്തിൽ നിന്ന് ആദ്യമായി നബിﷺയിൽ വിശ്വസിച്ച വനിത, അല്ലാഹുവിന്റെ മാർഗത്തിലേക്ക് ഏറ്റവും ആദ്യമായി ക്ഷണിച്ച സ്ത്രീകളിൽ പെട്ടവർ, അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവും ആദ്യമായി ധനം ചെലവഴിച്ച വ്യക്തി, നബിﷺയുടെ പിന്നിൽ നിന്നുകൊണ്ട് ആദ്യമായി നമസ്കരിച്ച വ്യക്തി, ജിബ്രീലിന്റെ അടുക്കൽ അല്ലാഹു തആല ആദ്യമായി സലാം പറഞ്ഞയച്ച വ്യക്തി... ഇങ്ങനെ പല സവിശേഷതകളും ഉള്ള മഹതിയാണ് ഖദീജﷺ.

നബിﷺയോട് അവർ ഒരിക്കലും മോശമായി പെരുമാറിയിട്ടില്ല. അവരുടെ ഭാഗത്തുനിന്ന് ഒരു പ്രയാസങ്ങളും നബിﷺക്ക് ഉണ്ടായിട്ടില്ല. വഴക്കു പറയുകയോ ആക്ഷേപിക്കുകയോ ചെയ്യേണ്ട സാഹചര്യം നബിﷺക്ക് ഉണ്ടായിട്ടില്ല. ഇബ്റാഹീം ഒഴിച്ച് ബാക്കിയുള്ള എല്ലാ മക്കളും ഖദീജയിൽ നിന്നാണ് ഉണ്ടായത്. ഇബ്റാഹീമിന്റെ ഉമ്മ മാരിയതുൽ ക്വിബ്തിയ്യ ആയിരുന്നു. ഖദീജﷺയുടെ മരണശേഷം നബിﷺ ആഇശﷺയെ വിവാഹം ചെയ്തു. മദീനയിലേക്കുള്ള ഹിജ്റക്ക് ശേഷമല്ലാതെ നബിﷺ അവരോടൊപ്പം ഒന്നിച്ചിട്ടില്ല. ആഇശﷺയെ വിവാഹം ചെയ്തതിനുശേഷം സൗദ ബിൻത് സംഅﷺയെ മക്കയിൽവെച്ച് കല്യാണം കഴിച്ചു.

ആഇശﷺയുമായി ഒന്നിക്കുന്നതിന് മുമ്പു തന്നെ സൗദﷺയുമായി നബിﷺ ഒന്നിച്ചിട്ടുണ്ടായിരുന്നു. ബുദ്ധിമതിയായ മഹതി സൗദﷺ തന്റെ വാർധക്യാവസ്ഥ പരിഗണിച്ചു കൊണ്ട് തനിക്ക് അവകാശപ്പെട്ടരാത്രിപോലും നബിﷺയോടൊപ്പം കഴിയാൻ ആഇശﷺക്ക് വേണ്ടി അനുവദിച്ചുകൊടുത്തിരുന്നു. മദീനയിൽ ഉമറുബ്നുൽ ഖത്ത്വാബിﷺന്റെ ഖിലാഫത്തിന്റെ അവസാന സമയത്താണ് അവർ മരണപ്പെടുന്നത്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com




# പൊള്ളുന്ന കേരളം വറ്റുന്ന കുടിവെള്ളം

**കേരളം ഒരു മഹാ പ്രളയത്തിൽ നിന്ന് കര കയറിയിട്ട് മാസങ്ങൾ ഏറെയായിട്ടില്ല. അപ്പോഴേക്കും ക്രമാതീതമായ ചൂടിലേക്കും കടുത്ത വരൾച്ചയിലേക്കും നാട് വഴിമാറിയിരിക്കുകയാണ്. പ്രളയസമയത്തെ ഒഴുക്കിൽ പുഴയുടെ അടിത്തട്ട് ഇളകിപ്പോയതും പ്രളയശേഷമുണ്ടായ മഴലഭ്യതയിലെ ക്ഷാമവുമെല്ലാമാണ് വരൾച്ചയിലേക്ക് എത്തിച്ചത് എന്നാണ് ഈ രംഗത്തെ വിദഗ്ധർ പറയുന്നത്. എന്നാൽ മനുഷ്യരുടെ പക്വതയില്ലാത്ത പ്രകൃതിയുപയോഗം തന്നെയാണ് പ്രശ്നങ്ങളുടെ പ്രധാന കാരണമെന്നത് ഏവർക്കും അറിയുന്ന വസ്തുതയാണ്. കൃത്യവും വ്യക്തവുമായ പാരിസ്ഥിതികബോധം ആർജിച്ചെടുത്താൽ മാത്രമെ അടുത്ത കാലഘട്ടത്തിൽ നമുക്ക് അതിജയിക്കാൻ കഴിയൂ എന്ന ബോധം ഓരോ പൗരന്റെയും മനസ്സിൽ ഊട്ടിയുറപ്പിക്കേണ്ടതുണ്ട്.**

കേരളത്തെ വിറപ്പിച്ച പ്രളയദുരന്തം കഴിഞ്ഞിട്ട് ആറുമാസം കഴിഞ്ഞിട്ടേയുള്ളൂ. ആ നാളുകളിൽ വെള്ളംകൊണ്ട് മനുഷ്യർ പൊറുതിമുട്ടിയിരിക്കുകയായിരുന്നു. എത്ര വേഗത്തിലാണ് അവസ്ഥകൾ മാറിമറിഞ്ഞത്! ഇരുകരകളും കവർന്നെടുത്ത് ഒഴുകിയ നദികൾ ഇന്നെവിടെ? നിറഞ്ഞുകവിഞ്ഞിരുന്ന കുളങ്ങളും കിണറുകളുമെവിടെ? ജലവിതാനം വളരെ താഴ്ന്നതും തീരെ വറ്റിയതുമായ പുഴകളും തോടുകളുമാണ് ഇന്നു നാം കാണുന്നത്! പുഴകൾ അടക്കം ജലസ്രോതസ്സുകൾ വറ്റിവരണ്ടുതുടങ്ങി. മാത്രമല്ല ചൂട് ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു! കേരളം ചുട്ടുപൊള്ളുകയാണ്. ചൂട് ഓരോ വർഷം കഴിയുംതോറും കൂടിവരികയാണ്. ഇതിനുള്ള കാരണങ്ങൾ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. കാലത്ത് 9 ആകുമ്പോഴേ

ക്കും ചൂട് അസഹ്യമായിത്തീരുന്നു. അധികൃതർ പകൽ സമയം പുറത്തിറങ്ങുന്നവർക്ക് സൂര്യാഘാതമേൽക്കാതിരിക്കാനുള്ള ജാഗ്രതാ നിർദേശം നൽകിക്കൊണ്ടിരിക്കുന്നു.

“പ്രളയാനന്തരം സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് താഴുകയാണ് എന്നും മിക്ക ജില്ലകളും വരൾച്ച ഭീഷണി നേരിടുകയാണെന്നും സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നിഗമനം. വേനലിൽ സംസ്ഥാനത്തെ വരൾച്ച സാധ്യത പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതിയുടെതാണ് നിഗമനം. റിപ്പോർട്ട് ഉടൻ സർക്കാരിന് കൈമാറും.

ഉയർന്ന പ്രദേശങ്ങളിൽ ഒരു മീറ്ററും തണ്ണീർത്തടങ്ങളിൽ 50 സെ.മീറ്ററും തീരപ്രദേശങ്ങളിൽ 20 സെ. മീറ്ററുമാണ് ഭൂഗർഭ ജലനിരപ്പ് താഴ്ന്നത്. അതിന് പുറമെ, പ്രളയകാലത്തെ ഉരുൾപൊട്ടലിൽ സ്വാഭാവിക ജലസ്രോതസ്സുകളുടെ തകർച്ചയും മണൽതിട്ടകൾ ഒലിച്ചുപോയതും നദികളിൽ എക്കലടിഞ്ഞതും വരൾച്ചക്ക് കാരണമാകുമെന്നും വിദഗ്ധർ പറയുന്നു.

വേനലിന്റെ തുടക്കത്തിൽതന്നെ കേരളത്തിലെ പ്രധാന നദികളിൽ ജലനിരപ്പ് ഗണ്യമായി താഴ്ന്നിരിക്കുകയാണ്. മാർച്ച് മുതൽ മെയ് വരെ ലഭിക്കേണ്ട വേനൽമഴ ലഭിച്ചില്ലെങ്കിൽ ഗുരുതര ജലദൗർലഭ്യം അടക്കമുള്ള പ്രശ്നങ്ങൾ സംസ്ഥാനം നേരിടേണ്ടിവരുമെന്ന് സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ വി.പി.ദിനേശൻ പറഞ്ഞു. മാർച്ച്-മെയ് കാലയളവിൽ ലഭിക്കേണ്ട 400 മില്ലിമീറ്റർ മഴ ലഭിച്ചാൽ പ്രശ്നങ്ങളുണ്ടാവില്ല. എന്നാൽ വേനൽമഴ ലഭിക്കുമോ എന്ന കാര്യത്തിൽ കാലാവസ്ഥ നിരീക്ഷണ വിഭാഗത്തിന് ഉറപ്പില്ല. കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ പ്രവചനമനുസരിച്ച് സംസ്ഥാനത്ത് ലഭിക്കേണ്ട വേനൽ മഴയിൽ കുറവുണ്ടാകും. ഭൂരിഭാഗം ജില്ലകളിലും തുലാവർഷത്തിൽ ഗണ്യമായ കുറവ് ഉണ്ടായതും ഭൂഗർഭജലനിരപ്പിൽ കുറവുണ്ടാക്കി. പ്രളയത്തിന് ശേഷം ആഗസ്റ്റ് 22 മുതൽ സംസ്ഥാനത്ത് കാലവർഷം പെയ്തില്ല. താപനില വർധിക്കുന്നതും ശുഭസൂചകമല്ല. പല ജില്ലകളിലും ശരാശരി രണ്ട് ഡിഗ്രി വരെ താപനിലയിൽ മാറ്റം വന്നു. മാർച്ച് ഒന്നുമുതൽ ആറു വരെ ലഭിക്കേണ്ട മഴയിൽ 43 ശതമാനമാണ് കുറവ്” (മാധ്യമം ദിനപ്പത്രം, 2019 മാർച്ച് 9, ശനി).

പ്രളയശേഷം മഴലഭ്യതയിലെ കുറവും പ്രളയസമയത്തുണ്ടായ ശക്തമായ ഒഴുക്കിൽ പുഴകളുടെ അടിത്തട്ട് ഒഴുകിപ്പോയതുമൊക്കെയാണ് ജലവിതാനം കുറയാനുള്ള പൊതുകാരണങ്ങളിലൊന്ന് എന്ന് വിലയിരുത്തപ്പെടുന്നു. പ്രളയസമയത്തുണ്ടായ വെള്ളം മുഴുവൻ കടലിലേക്ക് പൂർണമായി എത്തി. പുഴകളുടെ അടിത്തട്ട് ഒഴുകിപ്പോയതോടെ ആഴം കൂടിയിട്ടുണ്ട്. പ്രളയത്തിന്റെ ആഘാതത്തിൽ മേൽമണ്ണിന് താഴെ ജലം സംഭരിച്ചുനിർത്തിയിരുന്ന മൺപാളിയിൽ വിള്ളലുണ്ടായി. മണ്ണിനടിയിൽ അറകൾ വലുതായതോടെ മേൽമണ്ണിന് ജലം പിടിച്ചുനിർത്തുന്നതിനുള്ള ശേഷി കുറയുകയും ചെയ്തു.

പ്രളയാനന്തരം കിണറുകളിലെ ജലം താഴ്ന്നതായാണ് മിക്ക ആളുകളുടെയും പരാതി. കിണറുകളിലെ ഭൂഗർഭജലം അടുത്തുള്ള മറ്റു ജലസ്രോതസ്സുകളിലേക്ക് ഒഴുക്ക് തുടരുന്നതായാണ് വിദഗ്ധാഭിപ്രായം. മഴയുടെ കുറവും ഭൂഗർഭജലത്തിന്റെ ഇത്തരം ഒഴുക്കുമാണത്രെ കിണർ ജലവിതാനം താഴുന്നതിന്റെ കാരണം. ഏറ്റവും കൂടിയ അളവിൽ മഴ ലഭിച്ചിട്ടും കിണറുകളിൽ ജലവിതാനം പൊടുന്നനെ താഴുന്ന പ്രതിഭാസമാണ് എങ്ങും. വെള്ളം പിടിച്ചുനിർത്താൻ നദികളിലും മറ്റും



**പ്രളയശേഷം മഴലഭ്യതയിലെ കുറവും പ്രളയസമയത്തുണ്ടായ ശക്തമായ ഒഴുക്കിൽ പുഴകളുടെ അടിത്തട്ട് ഒഴുകിപ്പോയതുമൊക്കെയാണ് ജലവിതാനം കുറയാനുള്ള പൊതുകാരണങ്ങളിലൊന്ന് എന്ന് വിലയിരുത്തപ്പെടുന്നു. പ്രളയസമയത്തുണ്ടായ വെള്ളം മുഴുവൻ കടലിലേക്ക് പൂർണമായി എത്തി. പുഴകളുടെ അടിത്തട്ട് ഒഴുകിപ്പോയതോടെ ആഴംകൂടിയിട്ടുണ്ട്. പ്രളയത്തിന്റെ ആഘാതത്തിൽ മേൽമണ്ണിന് താഴെ ജലം സംഭരിച്ചുനിർത്തിയിരുന്ന മൺപാളിയിൽ വിള്ളലുണ്ടായി. മണ്ണിനടിയിൽ അറകൾ വലുതായതോടെ മേൽമണ്ണിന് ജലം പിടിച്ചുനിർത്തുന്നതിനുള്ള ശേഷി കുറയുകയും ചെയ്തു.**

സ്ഥാപിച്ചിരുന്ന തടയണകളും മറ്റും പ്രളയത്തിൻെറ കുത്തൊഴുക്കിൽ തകർന്നു.

ധാരാളം ജലം മഴയിലൂടെ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ചെറുതും വലുതുമായ 44 നദികളും 20 ശുദ്ധജല തടാകങ്ങളും അരുവികളും കുളങ്ങളും കിണറുകളും നിറഞ്ഞ കേരളത്തിൽ ജലക്ഷാമമുണ്ടാകുവാൻ പാടില്ല. എന്നാൽ 1983 മുതൽ കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. മഴയില്ലാത്തതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ശരാശരി 3000 മില്ലീമീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നുണ്ട്. ഏതാണ് 12 കോടി ക്യുബിക് മീറ്റർ വെള്ളം. ഈ വെള്ളത്തിന്റെ 60 ശതമാനവും അപ്പോൾ തന്നെ കുത്തിയൊലിച്ച് കടലിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. ജലം സംഭരിച്ചുവെക്കണമെങ്കിൽ മേൽമണ്ണ് വേണം. മണ്ണിനെ സംരക്ഷിക്കാൻ കാടുവേണം. 44 ശതമാനം വനമുണ്ടായിരുന്നു കേരളത്തിൽ. ഇന്ന് അത് 9 ശതമാനം മാത്രമാണ്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നു എന്ന് അവകാശപ്പെടുന്ന കേരളത്തിലെ ജലസാക്ഷരതാ നിലവാരം വളരെ താഴെയാണ് എന്നതാണ് വാസ്തവം. കാലവർഷം തുടങ്ങിയാൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ നമുക്ക് തീരെ ശ്രദ്ധയില്ല. കുടിവെള്ളം മുട്ടിത്തുടങ്ങുമ്പോഴാണ് അൽപമെങ്കിലും ശ്രദ്ധയുണ്ടാകുന്നത്.

കേരളത്തിനു പുറത്തെ കാര്യം നോക്കുക. കടംകൊണ്ടു മാത്രമല്ല, വലിയ കൃഷിനാശത്താലും കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. ജനലക്ഷങ്ങളുടെ ദുരിതംപോലും ലാഭമുണ്ടാക്കാനുള്ള മാർഗമായി കാണുന്ന മനഃസ്ഥിതിയും നിലനിൽക്കുന്നു. മഹാരാഷ്ട്രയിലെ ലാത്തൂരിൽ രാഷ്ട്രീയക്കാരാണ് ജലക്ഷാമത്തിനു പിന്നിലെന്ന ആരോപണം കഴമ്പുള്ളതാണ്. കൂടുതൽ വെള്ളം വേണ്ടിവരുന്ന വിളയാണ് കരിമ്പ്. പഞ്ചസാര ഫാക്ടറി ഉടമകളായ രാഷ്ട്രീയക്കാർ ലാത്തൂരിലെ വരൾച്ചയുള്ള പ്രദേശങ്ങളിൽ കരിമ്പുകൃഷി നടത്തുകയും കരിമ്പുതോട്ടങ്ങളിലേക്ക് കനാലുകളിൽനിന്നു വെള്ളം തിരിച്ചുവിടുകയും ചെയ്യുന്നതായാണ് ആരോപണമുയരുന്നത്. നഗങ്ങളിലും ഉൾനാടുകളിലും വെള്ളമെത്തിക്കുന്ന ടാങ്കർമാഫിയയും ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഇതോടൊപ്പമാണ് വെള്ളത്തിന്റെ ദുരുപയോഗവും ധൂർത്തും.

വെള്ളത്തിനു വേണ്ടിയുള്ള തർക്കത്തെ തുടർന്ന് മുമ്പ് മറാത്ത്വാഡയിലെ പർബാനിയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചത് രാജ്യം കണ്ടതാണ്. ജലസംഭരണിക്കടുത്ത് ജനങ്ങൾ കൂട്ടം കൂടി നിൽക്കുന്നത് ഭരണകൂടം വിലക്കി. മഹാരാഷ്ട്രയിലെ ഡെംഗൻമാൽ പ്രദേശത്ത് വീട്ടിൽ കുടിവെള്ളമെത്തിക്കാനായി ഒന്നിലധികം സ്ത്രീകളെ ഭാര്യമാരാക്കിയ സംഭവങ്ങൾ പോലുമുണ്ടായി! കടുത്ത വരൾച്ച രാജ്യത്തെ കൊണ്ടെത്തിച്ചിരിക്കുന്ന ദയനീയാവസ്ഥ വ്യക്തമാക്കുന്ന വാർത്തകളാണിവയൊക്കെ!

ഇത്തരം അതിരൂക്ഷമായ സാഹചര്യം രൂപപ്പെടുമ്പോഴും വരൾച്ച നേരിടുന്നതിന് ഫലപ്രദവും ഭാവനാപൂർണവുമായ നടപടികളൊന്നും നാ



**ധാരാളം ജലം മഴയിലൂടെ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ചെറുതും വലുതുമായ 44 നദികളും 20 ശുദ്ധജല തടാകങ്ങളും അരുവികളും കുളങ്ങളും കിണറുകളും നിറഞ്ഞ കേരളത്തിൽ ജലക്ഷാമമുണ്ടാകുവാൻ പാടില്ല. എന്നാൽ 1983 മുതൽ കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. മഴയില്ലാത്തതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ശരാശരി 3000 മില്ലീമീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നുണ്ട്. ഏതാണ് 12 കോടി ക്യുബിക് മീറ്റർ വെള്ളം. ഈ വെള്ളത്തിന്റെ 60 ശതമാനവും അപ്പോൾ തന്നെ കുത്തിയൊലിച്ച് കടലിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. ജലം സംഭരിച്ചുവെക്കണമെങ്കിൽ മേൽമണ്ണ് വേണം. മണ്ണിനെ സംരക്ഷിക്കാൻ കാടുവേണം. 44 ശതമാനം വനമുണ്ടായിരുന്നു കേരളത്തിൽ. ഇന്ന് അത് 9 ശതമാനം മാത്രമാണ്.**

ട്ടിൽ ഉണ്ടാകുന്നില്ല എന്നത് ഖേദകരമാണ്.

നദികളിലെ വെള്ളക്കുറവിനുള്ള പ്രധാന കാരണം ഭൂഗർഭജലം താഴ്ന്നതാണെന്ന് ഭൂജലവകുപ്പിന്റെ പഠനങ്ങൾ പറയുന്നു. ശരാശരി ആറുമാസം മാത്രമാണിപ്പോൾ ആഴക്കിണറുകളിൽ ജലം ലഭിക്കുന്നതെന്നാണ് കണക്കുകൾ. തീരപ്രദേശങ്ങളിൽ നാലു മുതൽ ആറു വരെ മീറ്റർ ആഴത്തിലും വെട്ടുകല്ലും കളിമണ്ണും ഉള്ള സ്ഥലങ്ങളിൽ 15 മുതൽ 20വരെ മീറ്റർ ആഴത്തിലും കുഴിച്ചാൽ കിണർവെള്ളംലഭിക്കുമെന്നായിരുന്നു കണക്ക്. ഇപ്പോൾ ഇതെല്ലാം മാറിയിരിക്കുന്നു. ഭൂഗർഭത്തിലുള്ള പാറകളിൽ കാണുന്ന ജലശേഖരവും വല്ലാതെ കുറഞ്ഞിരിക്കുന്നു. കുഴൽക്കിണറുകളുടെ പ്രവർത്തനത്തെ ഇതു കാര്യമായി ബാധിക്കുന്നു.

സമൃദ്ധമായ മഴയാൽ അനുഗൃഹീതമായ കേരളം പോലും വരൾച്ചയിൽേക്ക് നീങ്ങുകയാണ്. ഈ സാഹചര്യത്തെ നാമെങ്ങനെ നേരിടും? വരൾച്ചയുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനും ദുരന്തമേറ്റുവാങ്ങുമ്പോഴും തുടരുന്ന ജലചൂഷണവും ദുരുപയോഗവും നിയന്ത്രിക്കാനും തടയാനും സമൂഹത്തിന്റെ മുന്നിൽ എന്തുണ്ട് വഴി എന്നതു തന്നെയാണ് പ്രസക്തമായ ചോദ്യം.

നദികളെ ആശ്രയിച്ചുള്ള ഉറവിടങ്ങളിൽ വേനലിൽ ആവശ്യത്തിന് വെള്ളം സമാഹരിക്കാൻ കഴിയുന്നില്ല. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ വിജയപ്രദമാകണമെങ്കിൽ ഉറവിടങ്ങളിലെ ജലലബ്ധി ഉറപ്പുവരുത്തുക തന്നെ വേണം. ഇതിനുള്ള ചെലവുകുറഞ്ഞ മാർഗം തടയണകളുടെ നിർമാണമാണ്. പ്രധാനപ്പെട്ട ജലവിതരണ സംവിധാനങ്ങളേറെയും നദീജലസമ്പത്തിനെ ആശ്രയിച്ചുള്ളതാകയാൽ അവയുടെ തൃപതികരമായ നടത്തിപ്പു വഴി പ്രശ്നപരിഹാരം എളുപ്പമാക്കാം. പല ജലപദ്ധതികളും വേനൽകാലത്ത് വളരെ കുറഞ്ഞ സമയത്തേക്കേ പ്രവർത്തനക്ഷമത കൈവരിക്കുന്നുള്ളൂ. അതിനാൽ ഉപഭോക്താക്കൾ വെള്ളം ശേഖരിച്ചുവെക്കുകയാണ് പതിവ്.

കേരളത്തിലെ കുഗ്രാമങ്ങൾ പോലുമിന്ന് വരൾച്ചയുടെ പിടിയിലാണ്. പഞ്ചായത്തിന്റെ ഔദാര്യമായ ജലനിധി പദ്ധതിയിലൂടെ ആഴ്ചയിൽ രണ്ടോമൂന്നോ ദിവസം ലഭിക്കുന്ന പരിമിതമായ വെള്ളത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന അനേകം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. നെൽകൃഷി അന്യം നിൽക്കുകയും പാടങ്ങളെ പറമ്പാക്കി റബർമരങ്ങൾ വെച്ചുപിടിപ്പിക്കുകയും മണ്ണിട്ടുനികത്തി വീടുകൾ നിർമിക്കുകയും ചെയ്യൽ വ്യാപകമായതോടെ വശങ്ങളിലക്ക് കയറാൻ നിവൃത്തിയില്ലാതെ പുഴകൾ കടലിലേക്കൊഴുകി. അതോടെ എല്ലാ കാലത്തും നിറഞ്ഞുനിന്നിരുന്ന കിണറുകളും കുളങ്ങളും ഓർമയായി മാറി.

**നദികളിലെ വെള്ളക്കുറവിനുള്ള പ്രധാന കാരണം ഭൂഗർഭജലം താഴ്ന്നതാണെന്ന് ഭൂജലവകുപ്പിന്റെ പഠനങ്ങൾ പറയുന്നു. ശരാശരി ആറുമാസം മാത്രമാണിപ്പോൾ ആഴക്കിണറുകളിൽ ജലം ലഭിക്കുന്നതെന്നാണ് കണക്കുകൾ. തീരപ്രദേശങ്ങളിൽ നാലു മുതൽ ആറു വരെ മീറ്റർ ആഴത്തിലും വെട്ടുകല്ലും കളിമണ്ണും ഉള്ള സ്ഥലങ്ങളിൽ 15 മുതൽ 20വരെ മീറ്റർ ആഴത്തിലും കുഴിച്ചാൽ കിണർവെള്ളം ലഭിക്കുമെന്നായിരുന്നു കണക്ക്. ഇപ്പോൾ ഇതെല്ലാം മാറിയിരിക്കുന്നു. ഭൂഗർഭത്തിലുള്ള പാറകളിൽ കാണുന്ന ജലശേഖരവും വല്ലാതെ കുറഞ്ഞിരിക്കുന്നു. കുഴൽക്കിണറുകളുടെ പ്രവർത്തനത്തെ ഇതു കാര്യമായി ബാധിക്കുന്നു.**



തണ്ണീർ തടങ്ങളും നെൽകൃഷി പാടങ്ങളുമാണ് ഭൂഗർഭജല പോഷണത്തിൻെറ പ്രധാന മാർഗങ്ങൾ. അതെല്ലാം വികസനത്തിന്റെ പേരിൽ നാം ഇല്ലാതാക്കി. 1975 ൽ 8.75 ലക്ഷം ഹെക്ടർ കൃഷിസ്ഥലമുണ്ടായിരുന്ന കേരളത്തിൽ ഇന്ന് 2.15 ലക്ഷം ഹെക്ടർ സ്ഥലത്തിൽ താഴെയാണുള്ളത്. ജല സ്രോതസ്സുകളായ നദികൾ, ഇടതോടുകൾ, അരുവികൾ, കുളങ്ങൾ, തടാകങ്ങൾ, ചിറകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുകയും മഴവെള്ളം സംഭരിക്കുകയും ചെത്തൽ അനിവാര്യമാണ്. നദീസംരക്ഷണ ശ്രമങ്ങൾ ആരംഭിക്കുവാൻ ഒട്ടും വൈകിക്കൂടാ.

മഴവെള്ളം ഫലപ്രദമായി ഉപയോഗിച്ചാൽ ജലക്ഷാമം ഒരുപരിധി വരെ പരിഹരിക്കാനാകും. നീർക്കുഴി, കൈയാല, തണ്ണീർത്തട നിർമാണം, തട്ടുതിരിക്കൽ മേൽക്കൂര മഴവെള്ള ശേഖരണം തുടങ്ങിയ പല മാർഗങ്ങളും മഴവെള്ള ശേഖരണത്തിനുണ്ട്.

**മഴ: ഒരു ദൈവികാനുഗ്രഹം**

ജീവിവർഗത്തിന്റെ ഉത്ഭവവും നിലനിൽപും ജലത്തെ ആശ്രയിച്ചാണിരിക്കുന്നത്. പ്രാണവായുവിന്റെ സാന്നിധ്യമുറപ്പുവരുത്താൻ പോലും പ്രത്യക്ഷമായും പരോക്ഷമായും ജലസാന്നിധ്യം ആവശ്യമാണ്. അത്രമേൽ പാരസ്പര്യത്തോടെയാണ് പ്രകൃതിയുടെ സംവിധാനം. മഴയുടെ ശാസ്ത്രീയതയെക്കുറിച്ച് നമുക്ക് ധാരാളമായി സംസാരിക്കാം. പക്ഷേ, അത് എപ്പോൾ, എവിടെ പെയ്യണമെന്ന തീരുമാനിക്കുന്നത് പ്രപഞ്ച സ്രഷ്ടാവാണ്.

"തന്റെ കാരുണ്യത്തിന്റെ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവനത്രെ. ആകാശത്തുനിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായ നാടിന് അത് മുഖേന നാം ജീവൻ നൽകുവാനും നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി. അവർ ആലോചിച്ചു മനസ്സിലാക്കേണ്ടതിനായി അത് (മഴവെള്ളം) അവർക്കിടയിൽ നാം വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ അധികപേർക്കും നന്ദികേട് കാണിക്കുവാനല്ലാതെ മനസ്സു വന്നില്ല" (ക്വുർആൻ 25:48-50).

ഭൂമിയിലെ ജീവജാലങ്ങൾക്ക് കണക്കില്ലാത്ത അനുഗ്രഹങ്ങൾ നൽകിയവനാണ് സ്രഷ്ടാവായ അല്ലാഹു. അതിൽപെട്ട ഒന്നാണ് മഴ. അതുകൊണ്ട് കാരുണ്യം എന്നാണ് അല്ലാഹു മഴയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്. ആ കാരുണ്യത്തിന്റെ ആഗമനത്തിനു മുന്നോടിയായി തണുത്ത കാറ്റടിച്ചുവീശുമ്പോൾ മഴ കാത്തിരിക്കുന്നവരുടെ മനംകുളിർക്കാറുണ്ടെന്നത് അനുഭവ യാഥാർഥ്യമാണ്.

"നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു... (39:21).

മഴയെന്ന അനുഗ്രഹത്തെ അശ്രദ്ധയോടെ കൈകാര്യം ചെയ്തതിന്റെ ഫലമാണ് കേരളം പോലും ഇപ്പോഴനുഭവിക്കുന്ന രൂക്ഷമായ ചൂടും കുടിവെള്ള ക്ഷാമവും എന്ന വാദത്തെ തള്ളിക്കളയാനാകുമോ? വെള്ളം വർഷിച്ചുതരുന്ന പ്രപഞ്ചനാഥൻ അതിനെ വറ്റിച്ചുകളഞ്ഞാലുള്ള നിസ്സഹായാവസ്ഥ നാം വിസ്മരിച്ചു കളഞ്ഞു. അല്ലാഹു ചോദിക്കുന്നത് കാണുക:

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ; നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ടുവന്ന് തരിക? (ക്വുർആൻ 67:30).

അല്ലാഹു ഏർപ്പെടുത്തിയ ജലസംഭരണ സംവിധാനം വെള്ളത്തിന് സമ്പൂർണമായ സുരക്ഷിതത്വം നൽകിക്കൊണ്ടുള്ളതാണ്. ഭൂഗർഭ ജലത്തിന്റെ തോതും അതിന്റെ ഗുണവും ഗവേഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഭൂമിയിൽ ജലം സംഭരിക്കപ്പെടുന്നതിന്റെ ഗുണങ്ങൾ ഏറെയാണ്. ദീർഘകാലം വെറുതെയിരുന്നാലുണ്ടാവുന്ന ജലനാശവും മലിനപ്പെടലും അത് മുഖേന ഇല്ലാതാകുന്നു. മാലിന്യം കലർന്നിട്ടുണ്ടെങ്കിൽ തന്നെ ജലം ശുദ്ധീകരിക്കപ്പെടുന്നു. അല്ലാഹു പറയുന്നു:

"ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് അതിനെ നാം ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയുവാൻ തീർച്ചയായും നാം ശക്തനാകുന്നു" (ക്വുർആൻ 23:18).

**അല്ലാഹു ഏർപ്പെടുത്തിയ ജലസംഭരണ സംവിധാനം വെള്ളത്തിന് സമ്പൂർണമായ സുരക്ഷിതത്വം നൽകിക്കൊണ്ടുള്ളതാണ്. ഭൂഗർഭ ജലത്തിന്റെ തോതും അതിന്റെ ഗുണവും ഗവേഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഭൂമിയിൽ ജലം സംഭരിക്കപ്പെടുന്നതിന്റെ ഗുണങ്ങൾ ഏറെയാണ്. ദീർഘകാലം വെറുതെയിരുന്നാലുണ്ടാവുന്ന ജലനാശവും മലിനപ്പെടലും അത് മുഖേന ഇല്ലാതാകുന്നു. മാലിന്യം കലർന്നിട്ടുണ്ടെങ്കിൽ തന്നെ ജലം ശുദ്ധീകരിക്കപ്പെടുന്നു. മഴവെള്ളത്തെ ഭൂമിയിൽ പിടിച്ചു നിർത്താനുള്ള വഴികൾ മുമ്പ് നമ്മുടെ നാട്ടിൽ സാർവത്രികമായിരുന്നു. പറമ്പുകൾ കിളച്ചുമറിച്ചും വരമ്പുകൾ മാടിയും കുഴികളെടുത്തും കർഷകർ മഴവെള്ളത്തെ ഭൂമിയിലേക്കിറക്കി. വൻമരങ്ങളുടെ വേരുകൾ വെള്ളത്തെ നമുക്കായി തടുത്തുനിർത്തി. വൃക്ഷശിഖരങ്ങൾ അന്തരീക്ഷത്തെ തണുപ്പിച്ചുകൊണ്ടേയിരുന്നു.**

മഴവെള്ളത്തെ ഭൂമിയിൽ പിടിച്ചുനിർത്താനുള്ള വഴികൾ മുമ്പ് നമ്മുടെ നാട്ടിൽ സാർവത്രികമായിരുന്നു. പറമ്പുകൾ കിളച്ചുമറിച്ചും വരമ്പുകൾ മാടിയും കുഴികളെടുത്തും കർഷകർ മഴവെള്ളത്തെ ഭൂമിയിലേക്കിറക്കി. വൻമരങ്ങളുടെ വേരുകൾ വെള്ളത്തെ നമുക്കായി തടുത്തുനിർത്തി. വൃക്ഷശിഖരങ്ങൾ അന്തരീക്ഷത്തെ തണുപ്പിച്ചുകൊണ്ടേയിരുന്നു.

ഇന്ന് ഭൂമിയിലേക്ക് മഴവെള്ളം ആഴ്ന്നിറങ്ങാത്ത വിധം റോഡുകളും കോൺക്രീറ്റ് കാടുകളും സാർവത്രികമായി. സ്വന്തം പറമ്പിൽ വീഴുന്ന മഴത്തുള്ളി പോലും റോഡിലേക്കാണൊഴുക്കുന്നത്. പാടശേഖരങ്ങളെയും വെള്ളക്കെട്ടുകളെയും മലകളെയും നികത്തിയും നിരത്തിയും നാം വികസനം നടപ്പാക്കി. ശാസ്ത്രീയമായ രീതിയിലുള്ള ജലസംഭരണ മാർഗങ്ങളെ നാം പിന്തുടർന്നതേയില്ല. പുഴകളും തടാകങ്ങളും  ജലാശയങ്ങളും വൃത്തിയായി സംരക്ഷിക്കാനുള്ള സർക്കാർ പദ്ധതികളാവട്ടെ, സിംഹഭാഗവും കടലാസിലൊതുങ്ങി.

**വിശ്വാസികളുടെ കടമകൾ**

വെള്ളത്തിന്റെ ദൈനംദിന ഉപയോഗം നിയന്ത്രിക്കാൻ നമുക്കാവണം. ധാരാളിത്തം ഒഴിവാക്കണം. ഒന്നും പാഴാക്കരുതെന്നാണ് ഇസ്‌ലാമിക പാഠം. അമൂല്യമായ ജലം പാഴാക്കാൻ തീരെ പാടില്ല. തിന്നുകയും കുടിക്കുകയും ചെയ്യുന്നതിൽ പോലും അമിതത്വം പാടില്ലെന്നാണ് ക്വുർആൻ പറയുന്നത്: "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (ക്വുർആൻ 7:31).

ഭക്ഷണപാനീയങ്ങൾ തയ്യാറാക്കുന്നതിന് മുമ്പും ശേഷവുമായി പാത്രങ്ങൾ വൃത്തിയാക്കുമ്പോൾ വെള്ളം അമിതമായി ചെലവഴിക്കുന്നവരാണ് പലരും. ടാപ്പ് തുറന്നുവെച്ച് വുദൂഅ് ചെയ്യുന്നത് മുഖേന ഒരാൾ തന്നെ മൂന്നു പേർക്ക് വുദൂഅ് ചെയ്യാനുള്ള വെള്ളമാണ് പാഴാക്കിക്കളയുന്നത്. പള്ളിക്കമ്മിറ്റികൾ മനസ്സുവെക്കുകയാണെങ്കിൽ ഇതിന് പരിഹാരം കാണാവുന്നതാണ്. അനിയന്ത്രിതമായി ഷവർ തുറന്നുവെച്ചും അളവില്ലാതെ വെള്ളം കോരിയൊഴിച്ചും കുളിക്കുന്നവർ വെള്ളത്തിന്റെ വില മനസ്സിലാക്കി സ്വയം നിയന്ത്രിക്കാൻ തയ്യാറാകേണ്ടതാണ്.

പാപങ്ങൾ വെടിയുകയും സ്രഷ്ടാവിനോട് താണുകേണ് വരൾച്ചയിൽനിന്നും അത്യുഷ്ണത്തിൽനിന്നും രക്ഷപ്പെടുത്താൻ പ്രാർഥിക്കുകയും ചെയ്യുക എന്നതാണ് വിശ്വാസികൾ ചെയ്യാനുള്ളത്. മഴ ലഭിക്കുവാൻ വേണ്ടി പ്രത്യേക നമസ്കാരം തന്നെ ഇസ്‌ലാം പഠിപ്പിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ●


**Statement about ownership and other particulars about Nerpatham Weekly Form - IV (See Rule 8)**

| | |
|---|---|
| 1. Place of publication: | 1st Room, 1st Floor, EKP Building, Kallai Road, Kozhikode, PIN 673002, Kerala |
| 2. Penodicity of its publication: | Weekly |
| 3. Printer's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 4. Publisher's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 5. Editor's Name: | Usman Palakkazhi |
| Nationality: | Indian |
| Address: | Thevarkalathil, Palakkazhi, PO Karkkidamkunnu, Alanallur, Plakkad-678601, Kerala |

6. I, Sajjad K, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 23. 03. 2019

(Sd/-)
Publisher

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

بسم الله الرحمن الرحيم

അധ്യായം: 80, ഭാഗം: 2

# അബസ (മുഖം ചുളിച്ചു)

മക്കയിൽ അവതരിച്ചത്

كَلَّآ إِنَّهَا تَذْكِرَةٌ ﴿١١﴾
فَمَن شَآءَ ذَكَرَهُۥ ﴿١٢﴾ فِى صُحُفٍ مُّكَرَّمَةٍ ﴿١٣﴾ مَّرْفُوعَةٍ
مُّطَهَّرَةٍۭ ﴿١٤﴾

11. നിസ്സംശയം ഇത് (ക്വുർആൻ) ഒരു ഉൽബോധനമാകുന്നു; തീർച്ച.
12. അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ അവനത് ഓർമിച്ച് കൊള്ളട്ടെ.
13. ആദരണീയമായ ചില ഏടുകളിലാണത്.
14. ഔന്നത്യം നൽകപ്പെട്ടതും പരിശുദ്ധമാ

ക്കപ്പെട്ടതുമായ (ഏടുകളിൽ).

15. ചില സന്ദേശവാഹകരുടെ കൈകളിലാണത്.

16. മാന്യന്മാരും പുണ്യവാന്മാരും ആയിട്ടുള്ളവരുടെ.

17. മനുഷ്യൻ നാശമടയട്ടെ; എന്താണവൻ ഇത്ര നന്ദികെട്ടവനാകാൻ?

18. ഏതൊരു വസ്തുവിൽ നിന്നാണ് അല്ലാഹു അവനെ സൃഷ്ടിച്ചത്?

19. ഒരു ബീജത്തിൽ നിന്ന് അവനെ സൃഷ്ടിക്കുകയും എന്നിട്ട് അവനെ (അവന്റെ കാര്യം) വ്യവസ്ഥപ്പെടുത്തുകയും ചെയ്തു.

20. പിന്നീട് അവൻ മാർഗം എളുപ്പമാക്കുകയും ചെയ്തു.

بِأَيْدِى سَفَرَةٍ ﴿١٥﴾ كِرَامٍ بَرَرَةٍ ﴿١٦﴾
قُتِلَ ٱلْإِنسَٰنُ مَآ أَكْفَرَهُۥ ﴿١٧﴾ مِنْ أَىِّ شَىْءٍ خَلَقَهُۥ ﴿١٨﴾
مِن نُّطْفَةٍ خَلَقَهُۥ فَقَدَّرَهُۥ ﴿١٩﴾ ثُمَّ ٱلسَّبِيلَ يَسَّرَهُۥ
﴿٢٠﴾

11-12) അല്ലാഹു പറയുന്നു: (നിസ്സംശയം ഇത് (ക്വുർആൻ ഒരു ഉൽബോധനമാകുന്നു, തീർച്ച). തീർച്ചയായും ഇത് ഒരു ഓർമപ്പെടുത്തലാണ്. അല്ലാഹുവിൽ നിന്നുള്ള ഓർമപ്പെടുത്തൽ. അല്ലാഹു തന്റെ അടിമകളെയാണ് ഓർമപ്പെടുത്തുന്നത്. അവർക്കാവശ്യമുള്ളത് വേദഗ്രന്ഥത്തിലൂടെ വിശദീകരിച്ച് കൊടുക്കുന്നു. വഴികേടിൽ നിന്നും സന്മാർഗമേതെന്ന് വ്യക്തമാക്കി കൊടുക്കുന്നു. അത് ഒരാൾക്ക് വ്യക്തമായിക്കഴിഞ്ഞാൽ, (അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ അവനത് ഓർമിച്ചുകൊള്ളട്ടെ). അതവൻ പ്രാവർത്തികമാക്കട്ടെ.

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْ ۚ

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (18:29).

13-14). പിന്നീട് ഈ ഉൽബോധനത്തിന്റെ സ്ഥാനവും മഹത്ത്വവും ഔന്നത്യവുമാണ് പരാമർശിക്കുന്നത്. (ആദരവും ഔന്നത്യവും നൽകപ്പെട്ടതുമായ ചില ഏടുകളിലാണത്). സ്ഥാനത്തിലും പദവിയിലും (പരിശുദ്ധമാക്കപ്പെട്ടത്). അപകടങ്ങളിൽ നിന്നും പിശാചുക്കളുടെ കൈകൾ അതിനെ കൈകാര്യം ചെയ്യുന്നതിൽ നിന്നും അത് കട്ടുകേൾക്കുന്നതിൽ നിന്നുമെല്ലാം.

15). മാത്രവുമല്ല, (ചില സന്ദേശവാഹകന്മാരുടെ കൈകളിലാണത്). അവർ മലക്കുകളാണ്; അല്ലാഹുവിനും അവന്റെ ദാസന്മാർക്കും ഇടയിലുള്ള സന്ദേശവാഹകന്മാർ.

16). (മാന്യന്മാരായ) ധാരാളം നന്മയും അനുഗ്രഹങ്ങളുമുള്ള. (പുണ്യവാന്മാരുമായ) ഹൃദയത്തിലും പ്രവർത്തനത്തിലും.

അല്ലാഹു തന്റെ ഗ്രന്ഥത്തിന് ഏർപെടുത്തിയ സംരക്ഷണമാണിതെല്ലാം. സൂക്ഷ്മാലുക്കളും ശക്തരും മാന്യന്മാരുമായ ദൂതന്മാരായ മലക്കുകളെ അതിന്റെ സന്ദേശവാഹകരാക്കി. പിശാചുക്കൾക്ക് യാതൊരു വഴിയും അതിന്മേലില്ല. ഇതെല്ലാം നാം പൂർണമായി അംഗീകരിച്ച് വിശ്വസിക്കേണ്ട കാര്യങ്ങളാണ്.

എന്നാൽ ഇതൊക്കെയാണെങ്കിലും മനുഷ്യൻ അങ്ങേയറ്റം നന്ദികെട്ടവനാവുകയാണ്. അതാണ് അല്ലാഹു പറഞ്ഞത്:

17-19). (മനുഷ്യൻ നാശമടയട്ടെ. എന്താണവൻ ഇത്ര നന്ദികെട്ടവനാകാൻ) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക്. സത്യം വ്യക്തമായിട്ടും എത്ര ധിക്കാരമാണവൻ സത്യത്തോട് കാണിക്കുന്നത്! എന്താണവൻ? വസ്തുക്കളിൽ ഏറ്റവും ദുർബലമായതിൽനിന്നാണവൻ. നിസ്സാരമായ ദ്രാവകത്തിൽ നിന്നും അവനെ അല്ലാഹു സൃഷ്ടിച്ചു. പിന്നീട് അവന്റെ സൃഷ്ടിപ്പിനെ നിർണയിച്ചു. എന്നിട്ട് ശരിയായ ഒരു മനുഷ്യനാക്കി സംവിധാനിച്ചു. ആന്തരികവും ബാഹ്യവുമായ അവന്റെ ശക്തിയെ സുദൃഢമാക്കി.

(20) (പിന്നീട് അവൻ മാർഗം എളുപ്പമാക്കുകയും ചെയ്തു). മതപരവും ഭൗതികവുമായ കാരണങ്ങളെ അവന് എളുപ്പമാക്കിക്കൊടുത്തു. ശരിയായ വഴിയിലേക്ക് നയിച്ചു. കൽപനകളും വിരോധങ്ങളും വ്യക്തമാക്കിക്കൊടുക്കുകയും അതുമൂലം പരീക്ഷിക്കുകയും ചെയ്തു. ●

സമീർ മുണ്ടേരി
mundery@gmail.com

ലേഖനം



# പ്രശസ്തി ആഗ്രഹിക്കുന്നവരോട്

പ്രബോധന രംഗത്ത് പ്രവർത്തിക്കുമ്പോൾ വന്നുചേരുന്ന പ്രശസ്തിയും സ്ഥാനവും പലപ്പോഴും പലർക്കും വലിയ പരീക്ഷണങ്ങളാവാറുണ്ട്. ഒരാൾക്ക് അയാളുടെ പ്രവർത്തനങ്ങൾ മൂലം പ്രശസ്തി വന്നുചേരുന്നതിനെ മതം എതിർക്കുന്നില്ല. എന്നാൽ ഒരാൾ പ്രശസ്തി മാത്രം ആഗ്രഹിച്ചു കൊണ്ട് പ്രവർത്തിച്ചാൽ അത് അവനെ അപകടത്തിലേക്ക് എത്തിക്കും.

## പ്രശസ്തി ആഗ്രഹിക്കാത്തവർ

പ്രമുഖ പണ്ഡിതനായ ഫുളൈൽ ഇബ്നു ഇയാദ്(റഹി) പറഞ്ഞു: 'ആരെങ്കിലും പ്രശസ്തനാകുവാൻ ആഗ്രഹിച്ചാൽ അവനൊരിക്കലും പ്രശസ്തനാവുകയില്ല. എന്നാൽ പ്രശസ്തനാകുന്നതിനെ വല്ലവനും വെറുത്താൽ അവൻ പ്രശസ്തനാവുകയും ചെയ്യും.'

ഇസ്ലാമിക ചരിത്രത്തിലെ പ്രശസ്തരായവരെ എടുത്തു നോക്കൂ, അവരാരും ഇഹലോകത്തെ സ്ഥാനമാനങ്ങൾക്കും പ്രശസ്തിക്കും വേണ്ടി പ്രവർത്തിച്ചവരായിരുന്നില്ല. അബൂബക്കർ ബിൻ ഹയ്യാശിനോട് ചോദിച്ചു: 'ചിലർ ജനങ്ങളെ പഠിപ്പിക്കാൻ വേണ്ടി പള്ള ിയിൽ ഇരിക്കുന്നു. അപ്പോൾ ജനങ്ങൾ അവർക്കു ചുറ്റും ഇരിക്കും. എന്തു കൊണ്ടാണത്?' അദ്ദേഹം പറഞ്ഞു: 'ആരെങ്കിലും ജനങ്ങൾക്ക് വേണ്ടി ഇരുന്നാൽ ജനങ്ങൾ അയാൾക്ക് ചുറ്റും ഇരിക്കും. അത് സ്വാഭാവികമാണ്. എന്നാൽ (അങ്ങനെ ദീൻ പഠിപ്പിക്കുന്ന) അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ മരണപ്പെട്ടാൽ അവരുടെ മരണ ശേഷം അവരെ ജനങ്ങൾ ഓർത്തു കൊണ്ടിരിക്കും. അതു പോലെ ബിദ്അത്തിന്റെ ആളുകളും മരണപ്പെടും. അതോടെ അവരെക്കുറിച്ചുള്ള സ്മരണകളും മരിക്കും.'

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) ഇതിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: "അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ നബിﷺ കൊണ്ടുവന്നത് ജീവിപ്പിക്കാൻ വേണ്ടി പരിശ്രമിച്ചവരാണ്. അതുകൊണ്ട് തന്നെ നബിﷺയോട് അല്ലാഹു പറഞ്ഞ 'താങ്കളുടെ കീർത്തിയെ ഞാൻ ഉയർത്തിയിരിക്കുന്നു'എന്ന വാഗ്ദാനം ഈ പണ്ഡിതന്മാർക്കും ലഭിക്കും.(അവർക്ക് പ്രശസ്തി ലഭിക്കും). ബിദ്അത്തിന്റെ ആളുകൾ നബിﷺ കൊണ്ടുവന്നതിനെ എതിർത്തവരാണ്. അതുകൊണ്ട് തന്നെ അല്ലാഹു നബിﷺ യോട് പറഞ്ഞതിന്റെ ഒരു വിഹിതം ഇവർക്കും ലഭിക്കും: 'തീർച്ചയായും അവർ തന്നെയാണ് വാലറ്റവർ..." (അവരെ ആരും ഓർക്കണമെന്നില്ല).

മദ്ഹബിന്റെ ഇമാമുകളായ ഇമാം മാലിക് (റഹി), ഇമാം അബൂഹനീഫ(റഹി), ഇമാം ശാഫിഈ (റഹി), ഇമാം അഹ്മദ്(റഹി), ഇമാം ബുഖാരി(റഹി), ഇമാം മുസ്‌ലിം (റഹി), പ്രമുഖ പണ്ഡിതന്മാരായ ശൈഖ് ഇബ്നുബാസ്(റഹി), ശൈഖ് നാസിറുദ്ദീൻ അൽബാനി (റഹി) തുടങ്ങിയ എത്രയോ മഹാപണ്ഡിതന്മാരെക്കുറിച്ച് ചിന്തിക്കുക. ഇവരൊന്നും പേരിനും പ്രശസ്തിക്കും വേണ്ടി ദീനീസേവനം ചെയ്തവരല്ല. എന്നാൽ എത്ര പ്രശസ്തരാണവർ!

### വന്നുചേരുന്ന പ്രശസ്തി

അബൂദർറ്ﷺ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: ഒരു വ്യക്തി ഒരു പ്രവർത്തനം ചെയ്യുന്നു. അതിലൂടെ അയാൾ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വജ്ഹ് (പ്രതിഫലം) മാത്രമാണ്. എന്നാൽ ആ പ്രവർത്തനം മൂലം അയാളെ ആളുകൾ വല്ലാതെ ഇഷ്ടപ്പെടുകയും പുകഴ്ത്തുകയും ചെയ്യുന്നു. അതിനെക്കുറിച്ച് നബിﷺയോട് ചോദിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: 'അത് സത്യവിശ്വാസിക്ക് പെട്ടെന്ന് ലഭിക്കുന്ന സന്തോഷ വാർത്തകളാണ്...'(മുസ്‌ലിം).

ഈ ഹദീഥിനെ വിശദീകരിച്ചു കൊണ്ട് ഇമാം നവവി (റഹി) ഇപ്രകാരം പറയുന്നുണ്ട്: 'ഇത് അല്ലാഹു അദ്ദേഹത്തെ ഇഷ്ടപ്പെട്ടതിന്റെ അടയാളമാണ്. ഇതെല്ലാം അയാൾക്ക് ലഭിക്കുന്നത് പ്രശസ്തിയെ ആഗ്രഹിക്കാതെ പ്രവർത്തിക്കുമ്പോഴാണ്.'

നമ്മുടെ മുൻഗാമികൾ അവരുടെ നന്മകൾ മറച്ചുവെച്ചരായിരുന്നു. പ്രശസ്തി അവർ ആഗ്രഹിച്ചിരുന്നില്ല. അത് അവരുടെ ആത്മാർഥതകൊണ്ടും ലോകമാന്യത്തെ അവർ ഭയപ്പെട്ടതു കൊണ്ടുമാണ്.

മുഹമ്മദ്ബ്നു അലാഅ്(റഹി) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിനെ ഇഷ്ടപ്പെട്ടാൽ ജനങ്ങൾക്കിടയിൽ പ്രശസ്തനാകുന്നതിനെ അയാൾ ഇഷ്ടപ്പെടില്ല.'

അയ്യൂബു സിഖ്തിയാനി(റഹി) പറഞ്ഞു: 'എന്നെക്കുറിച്ച് ജനങ്ങൾ അവരുടെ സംസാരങ്ങളിൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഞാൻ അതിനെ ഇഷ്ടപ്പെട്ടിട്ടില്ല.'

മുത്‌റഫ് ഇബ്നു അബ്ദുല്ല അശ്ശിഖിർ(റഹി) പറഞ്ഞു: 'ഞാൻ രാത്രി മുഴുവൻ നമസ്കരിക്കുകയും നേരം പുലരുമ്പോൾ ജനങ്ങളെല്ലാം എന്റെ ആരാധനെയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നതിനെക്കാൾ എനിക്കിഷ്ടം രാത്രി നമസ്കരിക്കാതെ ഉറങ്ങുകയും നേരം പുലരുമ്പോൾ ആ നമസ്കാരം നഷ്ടപ്പെട്ടതിൽ ഞാൻ ഖേദിക്കുകയും ചെയ്യുന്നതിനെയാണ്.'

പ്രശസ്തിക്ക് വേണ്ടി കർമങ്ങൾ ചെയ്യുന്നതിലെ അപകടം തിരിച്ചറിഞ്ഞതിനാലാണ് ഈ മഹാന്മാർ്ഇങ്ങനെ പറഞ്ഞിരിക്കുന്നത്.

ഇത് വായിക്കുന്നവരിൽ ഇസ്‌ലാമിക പ്രബോധകരുണ്ട്. ഇസ്‌ലാമിന് വേണ്ടി സമ്പത്ത് ചെലവഴിക്കുന്നവരുണ്ട്. ഇസ്‌ലാമിന്റെ മാർഗത്തിൽ കായികമായി അധ്വാനിക്കുന്നവരുണ്ട്. ഇസ്‌ലാമിന്റെ വളർച്ചക്ക് ബഹുമുഖമായ പ്രവർത്തനങ്ങൾ നടത്തുന്നവരുണ്ട്.

നാം സ്വയം ചോദിക്കുക. എന്തിനാണ് നമ്മുടെ പ്രവർത്തനങ്ങൾ? പ്രശസ്തി ആഗ്രഹിച്ചാണോ നാം അധ്വാനിക്കുന്നത്? പേരും പ്രശസ്തിയും ലഭിക്കാതിരിക്കുമ്പോൾ നിരാശ നമ്മെ പിടികൂടാറുണ്ടോ?

തങ്ങൾ നടത്തുന്ന പ്രസംഗങ്ങളും ക്ലാസുകളും മറ്റും പ്രശസ്തിയിലേക്കുള്ള പടവുകളായി മാറണമെന്ന് പണ്ഡിതന്മാർ ആഗ്രഹിക്കാറുണ്ടോ? മതരംഗത്ത് സമ്പത്ത് വിനിയോഗിച്ചത് എന്തു നേട്ടം ആഗ്രഹിച്ചാണ് എന്ന് സമ്പന്നർ ചിന്തിക്കട്ടെ. എഴുത്തുകൾ കൊണ്ട് ഇസലാമിനെ സഹായിച്ചവർ പേന പിടിച്ചത് ഏത് ഉദ്ദേശത്തിലാണെന്ന് ഓർത്തുനോക്കട്ടെ. തങ്ങളുടെആരോഗ്യവും ഒഴിവു സമയവും ദീനിന് വേണ്ടി മാറ്റിവെച്ചവർ 'സജീവ പ്രവർത്തകർ' എന്ന സൽപേര് ലഭിക്കാൻ വേണ്ടിയാണോ പ്രവർത്തിച്ചത് എന്ന് ചിന്തിക്കണം.

ആലോചിക്കുക, സ്വയം വിലയിരുത്തുക. പരലോക വിജയം നഷ്ടപ്പെടാതിരിക്കാൻ ബുദ്ധിപൂർവം ജീവിക്കുക.

പ്രമുഖനായ ഒരു പണ്ഡിതന്റെ ലേഖനത്തെ അവലംബിച്ച് എഴുതിയതാണ് ഈ ചെറുകുറിപ്പ്. അല്ലാഹു അദ്ദേഹത്തിന് അർഹമായ പ്രതിഫലം നൽകട്ടെ.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും: 10**
**ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 4**



# മുസ്‌ലിം വിദ്യാഭ്യാസ വഴിയിൽ മുള്ള് വിതറിയ മുല്ലമാർക്കെതിരെ മൂലം സഭയിലെ മുല്ലപ്പൂ വിപ്ലവം

**ലോ**കം പുരോഗമിക്കുകയും ചുറ്റുമുള്ള ഹിന്ദു-ക്രിസ്ത്യൻ സമൂഹങ്ങൾ വിദ്യാഭ്യാസപരമായി ഉയരുകയും ചെയ്യുന്ന സന്ദർഭത്തിൽ വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ ലോകത്തിനു തന്നെ വെളിച്ചം നൽകിയ 'ഉത്തമ സമുദായം' എന്ന പദവി വഹിക്കുന്ന മുസ്‌ലിംകൾ കേരളത്തിൽ വിദ്യാഭ്യാസത്തോടും ശാസ്ത്ര പഠനത്തോടും ലോകഭാഷയായ ഇംഗ്ലീഷിനോടും മുഖംതിരിച്ചു നിന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വിരോധാഭാസമായിരുന്നു. സമുദായത്തെ പുരോഗതിയുടെ പടവുകളിലേക്ക് കൈപിടിച്ചുയർത്തേണ്ട മതപണ്ഡിതന്മാരും മുല്ലമാരും അവരെ വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പിന്തിരിപ്പിക്കുകയായിരുന്നു.

വില്യം ലോഗൻ മലബാർ മാന്വലിൽ എഴുതിച്ചേർത്തത് അന്നത്തെ മുസ്‌ലിം സമുദായത്തിന്റെ നേർചിത്രമാണ്: 'ഒരു സമുദായമെന്ന നിലയിൽ അവർ മുഴുവനും അല്ലെങ്കിൽ മിക്കവാറും എല്ലാവരും നിരക്ഷരരാണ്. അവർക്ക് കിട്ടുന്ന ഒരേ ഒരു വിദ്യാഭ്യാസം അറബിഭാഷയിലുള്ള ക്വുർആനിലെ ചില വചനങ്ങൾ ചൊ

ല്ലിക്കേൾക്കുന്നത് തത്തയെപ്പോലെ ഉരുവിടുന്നത് മാത്രമാണ്. ഹിന്ദുക്കളുടെ പള്ളിക്കൂടങ്ങളിൽ ചെന്ന് മുസ്‌ലിംകൾ പഠിക്കുന്നതിന് മുസ്‌ലിം രക്ഷിതാക്കൾ അനുവദിക്കുകയില്ല.'[1]

ഈ ദുരവസ്ഥ മാറ്റിയെടുക്കാനാണ് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളും ശ്രീമൂലം പ്രജാസഭയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും അക്ഷീണം പ്രയത്നിച്ചത്.

ശ്രീമൂലം തിരുനാൾ പ്രജാസഭയിലേക്ക് റൂൾ 7 പ്രകാരം നാമനിർദേശം ചെയ്യപ്പെട്ട കോട്ടയം ഡിവിഷനിലെ വൈക്കം താലൂക്കിൽ അരൂക്കുറ്റി വടുതലയിൽ താമസക്കാരനായ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ 1911 ഫെബ്രുവരി 16ന് ചേർന്ന സഭയിൽ മുസ്‌ലിം സമുദായത്തിലെ വിദ്യാഭ്യാസ സ്ഥിതിയെ സംബന്ധിച്ച സുപ്രധാനമായ ചില വിവരങ്ങൾ സാമാജികരുമായി പങ്കുവെക്കുകയുണ്ടായി.

തുലോം തുച്ഛമായ എണ്ണം മുസ്‌ലിംകൾ മാത്രമാണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയിട്ടുള്ളത്. സ്‌കൂൾ പ്രായത്തിലുള്ള മുസ്‌ലിം കുട്ടികളിൽ ഒരു ശതമാനംപോലും പൊതുവിദ്യാലയങ്ങളിൽ എത്തിയിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. സ്ത്രീ വിദ്യാഭ്യാസം എന്താണ് എന്ന് ഈ സമുദായം ഇനിയും മനസ്സിലാക്കിയിട്ടില്ല.

സഭയിൽ തുടർന്ന് അദ്ദേഹം സംസാരിച്ചത് സംസ്ഥാനത്തെ മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനെ സംബന്ധിച്ചായിരുന്നു.

മുസ്‌ലിം സമുദായത്തിനു വേണ്ടി ശ്രീമൂലംതിരുനാൾ മഹാരാജാവ് ചെയ്ത 4 കാര്യങ്ങൾക്ക് അദ്ദേഹത്തിനും പ്രധാനമന്ത്രിയായ ദിവാൻ ബഹദൂർ സർ പെരുങ്കാവൂർ രാജഗോപാലാചാരിക്കും നന്ദിപറയാൻ സഭയിലെ തന്റെ സുവർണാവസരം അദ്ദേഹം ഉപയോഗിച്ചു.

1. സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുസ്‌ലിം വിദ്യാർഥികൾക്ക് ഫീസിളവ് നൽകിയതിന്.

2. ഗവൺമെന്റ് ജോലികളിൽ യോഗ്യരായ മുസ്‌ലിം സമുദായാംഗങ്ങൾക്ക് നിയമനം നൽകിയതിന്.

3. തിരുവിതാംകൂർ ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ (പ്രജാസഭ) മുസ്‌ലിം അംഗങ്ങളെ നാമനിർദേശം ചെയ്തതിന്.

4. ആലുവ മുഹമ്മദൻ സ്‌കൂളിന് സർക്കാർ ഭൂമിയിൽ നിന്ന് എട്ട് ഏക്കർ സ്ഥലം സൗജന്യമായി പതിച്ചു കൊടുത്തതിന്.

കൂടാതെ മുസ്‌ലിം സമുദായത്തിന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന, സമുദായത്തിനകത്ത് തന്നെയുള്ള പണ്ഡിത വേഷധാരികൾക്കും അവരുടെ താളത്തിനു തുള്ളുന്ന സമുദായാംഗങ്ങൾക്കും എതിരിലും അദ്ദേഹം സഭയിൽ ആഞ്ഞടിക്കുകയുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് എതിരുനിൽക്കുന്ന മുല്ലമാരുടെ മുടന്തൻ ന്യായങ്ങൾ അദ്ദേഹം സഭയിൽ പൊളിച്ചെഴുതി. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സമുദായം തുടരുന്ന അമാന്തം ഇനിയും തുടർന്നാൽ അധഃപതനത്തിന്റെ ആഴങ്ങളിൽ അഭിരമിക്കേണ്ടിവരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.[2]

മൂന്ന് പ്രധാന ആവശ്യങ്ങളാണ് 1911 ഫെബ്രുവരി 16ലെ സഭയിൽ അദ്ദേഹം മുന്നോട്ടുവച്ചത്:

1. പ്രധാന പട്ടണങ്ങളിലും ഗ്രാമീണ ഭാഗങ്ങളിലെ മുസ്‌ലിം കേന്ദ്രങ്ങളിലും മുഹമ്മദൻ സ്‌കൂളുകൾ ആരംഭിക്കണം.

2. പ്രസ്തുത സ്‌കൂളുകളിൽ സ്പെഷ്യൽ മുഹമ്മദൻ ഇൻസ്പെക്ടർമാരെ നിയമിക്കണം.

അവരുടെ ചുമതലകൾ താഴെ പറയുന്നവ ആയിരിക്കണം:

II മുഹമ്മദൻ സ്‌കൂളുകൾ യഥാസമയം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക.

II കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്റെ അനിവാര്യത രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

II സാമൂഹിക ബോധവൽക്കരണത്തിലൂടെ വിദ്യാഭ്യാസത്തിന് അനുകൂലമായ പൊതുജനാഭിപ്രായം രൂപീകരിച്ച് നവോത്ഥാനം ഉണ്ടാക്കുക.

3. ബി.എ വരെ പഠിക്കുന്ന മുസ്‌ലിം വിദ്യാർഥികൾക്ക് ഫീസ് പൂർണമായും ഒഴിവാക്കുകയും മറ്റു ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.[3]

1912 മാർച്ച് നാലിന് തിങ്കളാഴ്ച ചേർന്ന സഭയിലും മുസ്‌ലിംകളുടെ വിദ്യാഭ്യാസ മാർഗത്തിൽ മുള്ള് വിതറുന്ന മുല്ലമാർക്കെതിരെ ഹമദാനി തങ്ങൾ ആഞ്ഞടിച്ചു. ഇംഗ്ലീഷ് പഠിക്കുന്നതിൽ നിന്ന് അവർ ഒരു ജനതയെ തടയുന്നതിൽ അദ്ദേഹം ധർമരോഷം കൊണ്ടു. അതിനാൽ സമുദായത്തെ ഉയർത്തിക്കൊണ്ടുവരുക എന്ന ഉത്തരവാദിത്തം ഏറ്റെടുത്ത് ഗവൺമെന്റ് ഇനിയും ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ സമുദായ സ്ഥിതി കൂടുതൽ ദുസ്സഹമാകും എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

താഴെ പറയുന്ന നിർദേശങ്ങൾ അദ്ദേഹം സഭയിൽ അവതരിപ്പിച്ചു:

1. മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന എല്ലാ പ്രദേശങ്ങളിലും പ്രാഥമിക വിദ്യാലയങ്ങൾ തുറക്കുകയും മുസ്‌ലിംകൾക്കിടയിൽ വിദ്യാഭ്യാസം നിർബന്ധമാക്കുകയും ചെയ്യുക.

2. വിശുദ്ധ ക്വുർആനിന്റെ ആശയ ഗ്രഹണത്തിന് ഉതകുംവിധം സ്‌കൂളുകളിൽ അറബി ഭാഷാ പഠനം നിർബന്ധമാക്കുക.

3. പ്രസ്തുത സ്‌കൂളുകൾ സന്ദർശിക്കുന്നതിന് മുഹമ്മദൻ ഇൻസ്‌പെക്ടർമാരെ നിയമിക്കണം. പരിശോധന പര്യടനത്തിനിടെ അവർ മുസ്‌ലിംകളായ നാട്ടുകാരെ വിളിച്ചുകൂട്ടി വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിൽ അവരിൽ അഭിരുചി വളർത്തുന്നതരത്തിലുള്ള പ്രഭാഷണങ്ങൾ നിർവഹിക്കണം.

4. ദരിദ്രരായ മുസ്‌ലിം വിദ്യാർഥികൾക്ക് ഫീസ് പൂർണമായി ഒഴിവാക്കിക്കൊടുക്കുകയും ആവശ്യമായ മറ്റ് ആനുകൂല്യങ്ങളും സഹായങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും വേണം.

തുടർന്ന് സഭയിൽ സംസാരിച്ച സാമാജികൻ കൊച്ചു ഹസൻ കുഞ്ഞ് ഹമദാനിയുടെ ഈ നിർദേശങ്ങളെ പിന്താങ്ങുകയും അറബി പഠിപ്പിക്കാൻ പ്രത്യേകം ക്ലാസുകൾ തുടങ്ങണമെന്നും അഞ്ചും ആറും ക്ലാസുകൾ പൂർത്തിയാക്കുന്ന സമർഥരായ മുസ്‌ലിം വിദ്യാർഥികളെ മെക്കാനിക്കൽ എൻജിനീയറിങ് പോലെയുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ ഇംഗ്ലണ്ട്, ബോംബെ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അയക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു. ശേഷം സഭയിൽ സംസാരിച്ച സാമാജികൻ ഹസൻ പിള്ള ശൈഖിന്റെ നിർദേശങ്ങളെ പിന്തുണക്കുകയും ഇംഗ്ലീഷ് സ്‌കൂളുകളിൽ മുസ്‌ലിംകൾ ചേരാൻ മടിക്കുന്നതിനാൽ ലോവർ ഗ്രേഡ് എലിമെന്ററി സ്‌കൂളുകളിൽ ഒന്നാംതരം മുതൽ ഇംഗ്ലീഷ് പഠിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രധാനമന്ത്രിയുടെ മറുപടി പ്രഭാഷണത്തിൽ മുസ്‌ലിം ജനതയുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനായി തന്റെ ഭരണകൂടം ആവുന്നതെല്ലാം ചെയ്യുമെന്ന് ഉറപ്പുനൽകി.

പിറ്റേന്ന് (1912 മാർച്ച് അഞ്ചിന്, ചൊവ്വാഴ്ച രാവിലെ 11 മണിക്ക്) ചേർന്ന സഭയിൽ പങ്കെടുത്തുകൊണ്ട് സമുദായത്തിന്റെ താഴെ പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി ഹമദാനി തങ്ങൾ ശബ്ദമുയർത്തുകയുണ്ടായി:

1. മുസ്‌ലിംകളുടെ സാമൂഹികവും മതപരവുമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ക്വാദിമാരിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളിൽ നിന്ന് പിൻവലിച്ചവ പുനഃസ്ഥാപിക്കണം. ഭരണകൂടത്താൽ നിക്ഷിപ്തമായ അധികാരങ്ങൾ അവർക്ക് ഇല്ലാതെവന്നാൽ മുസ്‌ലിം അനാഥകളുടെ സംരക്ഷണം തുടങ്ങിയ സമുദായത്തെ ബാധിക്കുന്ന പല കാര്യങ്ങളും അവതാളത്തിലാകുമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

2. ഉന്നത ഭരണ തസ്തികകൾക്ക് യോഗ്യരായ മുസ്‌ലിം ഉദ്യോഗാർഥികൾ ഉണ്ടെങ്കിൽ അവരെ നിയമിക്കണം. സമുദായവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണകൂടം മുസ്‌ലിം ഉദ്യോഗസ്ഥരോട് യഥാസമയം കൂടിയാലോചിച്ച് തീരുമാനം എടുക്കുകയാണെങ്കിൽ സമുദായ താൽപര്യ സംരക്ഷണത്തിന് ഏറെ സഹായകമാകും എന്ന കാര്യത്തിൽ തർക്കമില്ല. സംസ്ഥാനത്തിനകത്ത് യോഗ്യരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ പുറത്തുനിന്ന് യോഗ്യരെ കൊണ്ടുവരേണ്ടതാണ്.

സഭയിൽ തുടർന്ന് സംസാരിച്ച കൊച്ചു ഹസൻ പിള്ളയും ഹമദാനി ശൈഖിന്റെ നിർദേശങ്ങളുടെ ആവശ്യകതയിൽ ഊന്നി സംസാരിക്കുകയുണ്ടായി.

1913 ഫെബ്രുവരി 13ന് ചേർന്ന സഭയിൽ സംസാരിച്ച ഹമദാനി തങ്ങൾ മുസ്‌ലിം വിദ്യാഭ്യാസ പ്രോത്സാഹനാർഥം തിരുവിതാംകൂർ രാജഭരണകൂടം അനുവദിച്ചു വരുന്ന ഇളവുകൾക്ക് നന്ദി പറഞ്ഞു.

**ലോകം പുരോഗമിക്കുകയും ചുറ്റുമുള്ള ഹിന്ദു-ക്രിസ്ത്യൻ സമൂഹങ്ങൾ വിദ്യാഭ്യാസപരമായി ഉയരുകയും ചെയ്യുന്ന സന്ദർഭത്തിൽ ശാസ്ത്ര വൈജ്ഞാനിക രംഗങ്ങളിൽ ലോകത്തിനു തന്നെ വെളിച്ചം നൽകിയ 'ഉത്തമ സമുദായം' എന്ന പദവി വഹിക്കുന്ന മുസ്‌ലിംകൾ കേരളത്തിൽ വിദ്യാഭ്യാസത്തോടും ശാസ്ത്രപഠനത്തോടും ലോകഭാഷയായ ഇംഗ്ലീഷിനോടും മുഖം തിരിച്ചു നിന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വിരോധാഭാസം ആയിരുന്നു. സമുദായത്തെ പുരോഗതിയുടെ പടവുകളിലേക്ക് കൈപിടിച്ചുയർത്തേണ്ട മതപണ്ഡിതന്മാരും മുല്ലമാരും അവരെ വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പിന്തിരിപ്പിക്കുകയായിരുന്നു.**

രണ്ടു പ്രധാന ആവശ്യങ്ങൾ സമുദായക്ഷേമാർഥം അദ്ദേഹം മുന്നോട്ടുവയ്ക്കുകയുണ്ടായി:

1. തിരുവിതാംകൂറിൽ ഇപ്പോൾ 2,26,617 മുസ്‌ലിംകളുണ്ട്. അവർ വിദ്യാഭ്യാസപരമായി മാത്രമല്ല, നവോത്ഥാനത്തിന്റെ സദ്ഫലങ്ങൾ സ്വീകരിച്ച് അഭിവൃദ്ധിപ്പെടാനുതകുന്ന ഏതാണ്ടെല്ലാ മേഖലകളിലും പിന്നാക്കമാണ്. നേരത്തെ അവർ അനുഭവിച്ചിരുന്ന ചില ആനുകൂല്യങ്ങൾ കൂടി ഇപ്പോൾ എടുത്തു മാറ്റപ്പെട്ടിരിക്കുന്നു.

അവ പുനഃസ്ഥാപിക്കുന്നതിൽ കാലവിളംബം വന്നാൽ സമുദായനില കൂടുതൽ പരുങ്ങലിൽ ആകും. അതിനാൽ അവ പുനഃസ്ഥാപിക്കുന്നതിനു വേണ്ട സത്വര നടപടികൾ കൈക്കൊള്ളണം.

2. വിവിധ സംസ്ഥാനങ്ങളിലെ ബ്രിട്ടീഷ് ഇന്ത്യൻ നിയമനിർമാണ സഭകളിൽ ഇംഗ്ലീഷ് പരിജ്ഞാനം പരിഗണിക്കാതെ തന്നെ മുസ്‌ലിംകളെ നിയമിച്ചിരുന്നു. ആയതിനാൽ തിരുവിതാംകൂർ നിയമ നിർമാണ സഭയിലേക്ക് (Travancore Legislative Council) ഒരു മുസ്‌ലിം അംഗത്തെ നാമനിർദേശം ചെയ്യണം.[4]

1913 ഫെബ്രുവരി 19ന് ചേർന്ന സഭയിൽ ആരോഗ്യമേഖലയിലെ രണ്ട് പ്രധാന നിർദേശങ്ങളാണ് ഹമദാനി അവതരിപ്പിച്ചത്. 1. ചേർത്തല, വൈക്കം, അമ്പലപ്പുഴ, പറവൂർ, കൊച്ചി മുതലായ താലൂക്കുകളിൽ പടർന്നുപിടിച്ചിട്ടുള്ള മന്ത്, കുഷ്ഠം തുടങ്ങിയ രോഗങ്ങളുടെ സ്ഥിതിയറിഞ്ഞ് പരിഹാരം നിർദേശിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കണം.

2. അത്തരം രോഗികളുടെ ചികിത്സയ്ക്ക് ഗവൺമെന്റ് ഡോക്ടർമാർക്ക് പുറമെ തദ്ദേശീയരായ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തണം.

പിറ്റേന്ന്, 1913 ഫെബ്രുവരി 20ന് കുഞ്ഞുപിള്ള അവതരിപ്പിച്ച പ്രമേയത്തെ പുരസ്കരിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നാല് പ്രധാന ആവശ്യങ്ങൾ സമുദായത്തിനുവേണ്ടി തങ്ങൾ സഭയിൽ സമർപ്പിച്ചു:

1. മതവിദ്യാഭ്യാസവും മതേതര വിദ്യാഭ്യാസവും ഒരുപോലെ പഠിപ്പിക്കപ്പെടുന്ന പ്രത്യേക വിദ്യാലയങ്ങൾ മുസ്‌ലിം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി തുടങ്ങണം.

2. മുസ്‌ലിംകൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കണം.

3. തിരുവനന്തപുരത്ത് ബി.എ വരെ പഠിക്കാൻ തയ്യാറാകുന്ന മുസ്‌ലിം വിദ്യാർഥികൾക്ക് ആകർഷണീയമായ സ്കോളർഷിപ്പുകൾ നൽകണം.

4. അറബി ഭാഷയിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി സ്കൂളുകളിൽ മുസ്‌ലിം കുട്ടികളെ പഠിപ്പിക്കാനായി നിയമിക്കണം.

1913 ഫെബ്രുവരി 22ന് ചേർന്ന സഭയിൽ മുൻ സഭാവേളകളിൽ മുസ്‌ലിം അംഗങ്ങൾ ഉന്നയിച്ചതും സമുദായത്തിന്റെ അഭിവൃദ്ധിക്ക് ഏറെ സഹായകമായിത്തീരാനിടയാകുന്നതുമായ ഒരു വിഷയം ഹമദാനി തങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഓരോ തസ്തികയ്ക്കും നിഷ്കർഷിക്കപ്പെടുന്ന യോഗ്യതകൾ പരിഗണിക്കാതെ തന്നെ ജുഡീഷ്യറി, എക്സൈസ്, രജിസ്ട്രേഷൻ, ഫോറസ്റ്റ്, പോലീസ്, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിലെ ജോലികളിൽ എഴുതാനും വായിക്കാനും വസ്തുതകൾ ഗ്രഹിക്കാനും കഴിയുന്ന മുസ്‌ലിംകളെ നിയമിക്കണം എന്നതായിരുന്നു അത്. അതിനനുസൃതമായി ചട്ടങ്ങളിൽ ഭേദഗതികളും ഹമദാനിയും മറ്റും പലവുരു നിർദേശിക്കുകയുണ്ടായി. അദ്ദേഹത്തിനു മുമ്പ് സഭയിൽ സംസാരിച്ച അയ്യങ്കാളി പുലയർക്ക് വേണ്ടിയും, ജി.യേശുദാസൻ പറയർക്ക് വേണ്ടിയും വി.ആർ പത്മനാഭൻ, സി.കേശവൻ വൈദ്യർ, കെ.സി കുഞ്ഞുരാമൻ, കുമാരനാശാൻ, കെ.എം.കൃഷ്ണൻ എന്നിവർ ഈഴവർക്ക് വേണ്ടിയും സമാനമായ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി.[5]

1914 ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 11 മണിക്ക് ചേർന്ന സഭയിൽ തിരുവിതാംകൂർ നിയമനിർമാണ സഭയിലേക്ക് ഒരു മുസ്‌ലിം അംഗത്തെ നിയമിക്കാൻ ഹമദാനി തങ്ങൾ വീണ്ടും അഭ്യർഥിച്ചു. സമുദായ പുരോഗതി പ്രധാനമായും അവരുടെ മതപരമായ വിശ്വാസത്തെ ആസ്പദിച്ചാണിരിക്കുന്നതെങ്കിലും, നിയമനിർമാണസഭയിലെ പ്രാതിനിധ്യക്കുറവ് ഒരു സമുദായമെന്ന നിലക്ക് അവരെ വിശ്വാസത്തിലെടുക്കാത്തതിന്റെ കൂടി പ്രതിഫലനമായി വിലയിരുത്തപ്പെടുകയും അത് സമൂഹത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ഇനിയെങ്കിലും എന്റെ സമുദായത്തിന് അർഹമായ പരിഗണന ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

സർക്കാർ ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് കൈകാര്യം ചെയ്യാൻ നിർദേശിക്കപ്പെട്ട പ്രത്യേക സമിതി തന്നെയായിരിക്കണം പി.എഫ് ചെലവിനങ്ങൾക്കും മേൽനോട്ടം വഹിക്കേണ്ടത് എന്ന് തൽസംബന്ധമായ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് ഹമദാനി ശൈഖ് തന്റെ സുചിന്തിതമായ അഭിപ്രായം സഭയെ അറിയിക്കുകയുണ്ടായി. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com




# പ്രാർഥനക്ക് ഉത്തരം ലഭിക്കാൻ

**പ്രാ**ർഥനക്ക് ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ള ധാരാളം സ്ഥലങ്ങൾ പ്രവാചകൻﷺ അറിയിച്ചു തന്നിട്ടുണ്ട്. പ്രധാനപ്പെട്ട ചില സ്ഥലങ്ങൾ താഴെ കൊടുക്കുന്നു:

1. അറഫയിലുള്ള പ്രാർഥന: അംറുബ്നു ശുഐബ്ؓ തന്റെ പിതാവിൽ നിന്ന്: പ്രവാചകൻﷺ പറഞ്ഞു: "പ്രാർഥനകളിൽ ഉന്നതമായത് അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എന്റെ മുമ്പ് വന്നിട്ടുള്ള പ്രവാചകന്മാരും പറഞ്ഞ വാക്യത്തിൽ ഏറ്റവും നല്ല വാക്യം: 'അല്ലാഹുവല്ലാതെ യഥാർഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ല. അവന്നാണ് ആധിപത്യം. അവന്നാണ് സർവസ്തുതിയും. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു എന്നതാണ്" (തിർമിദി. അൽബാനി ഈ ഹദീഥ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

2. അയ്യാമുത്തശ്‌രീകിൽ ജംറത്തുൽ സുഗ്റ, വുസ്ത്വാ എന്നിവയിൽ എറിഞ്ഞ ശേഷമുള്ള പ്രാർഥന:

സുഹ്രി ﷺ നിവേദനം: "മിനായിലെ പള്ളിയോട് അടുത്ത് നിൽക്കുന്ന ജംറയിൽ നബിﷺ ഏഴ് കല്ലുകൾ എറിയുകയും ഓരോ ഏറിനോടൊപ്പം തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു. എന്നിട്ട് അൽപം മുന്നോട്ട് നീങ്ങി ക്വിബ്‌ലക്ക് അഭിമുഖമായി തന്റെ രണ്ട് കൈകളും ഉയർത്തി പ്രാർഥിക്കുമായിരുന്നു. ആ നിറുത്തം ദീർഘിപ്പിക്കുമായിരുന്നു. പിന്നെ രണ്ടാമത്തെ ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ് കല്ലുകൾ എറിയുകയും പിന്നീട് ഇടത് ഭാഗത്തുള്ള വാദിയിലേക്ക് മാറി ക്വിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. പിന്നീട് അടുത്ത ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ് കല്ലുകൾ എറിഞ്ഞ് അവിടെ നിൽക്കാതെ വിരമിക്കുമായിരുന്നു" (ബുഖാരി).

3. കഅ്ബയുടെ ഉൾഭാഗം: ഉസാമത്ത്ബ്നുസൈദി ﷺ നിവേദനം: "നബിﷺ കഅ്ബയിൽ പ്രവേശിച്ച പ്പോൾ അതിന്റെ എല്ലാ ഭാഗത്ത് വെച്ചും പ്രാർഥിക്കുകയുണ്ടായി" (മുസ്‌ലിം).

4. സ്വഫ, മർവയിലുള്ള പ്രാർഥന: ജാബിർﷺവിൽ നിന്ന്: നബിﷺയുടെ അവസാന ഹജ്ജിനെ സംബന്ധിച്ച നീണ്ട ഹദീഥിൽ നിന്ന്: "...പിന്നീട് സ്വഫയിലേക്ക് നബിﷺ പുറപ്പെട്ടു. സ്വഫയോട് അടുത്തപ്പോൾ അദ്ദേഹം ഇത് പാരായണം ചെയ്തു: 'തീർച്ചയായും സഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു' (അൽബക്വറ:158). 'അല്ലാഹു തുടങ്ങിയത് കൊണ്ട് ഞാൻ തുടങ്ങുന്നു'-സ്വഫയിൽ നിന്ന് അദ്ദേഹം തുടർന്നു. അതിന്റെ മുകളിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ ക്വിബ്‌ലക്ക് അഭിമുഖമായി നിന്നു. എന്നിട്ട് അല്ലാഹുവിന്റെ ഏകത്വത്തെ വാഴ്ത്തി, തക്ബീർ ചൊല്ലി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല. രാജാധിപത്യവും സർവസ്തുതിയും അവന്നുള്ളത് തന്നെ. അവൻ സർവശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തന്റെ വാഗ്ദത്തം അവൻ നിറവേറ്റി. തന്റെ അടിമയെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.' ഈ രൂപത്തിൽ മൂന്ന് പ്രാവശ്യം പ്രാർഥിച്ചു...(സ്വഫയിൽ പ്രവർത്തിച്ചത് പോലെ മർവയിലും ചെയ്തു)" (മുസ്‌ലിം).

**പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന വിഭാഗങ്ങൾ**

ചിലയാളുകൾ പ്രാർഥിക്കുകയാണെങ്കിൽ അല്ലാഹു ആ പ്രാർഥനക്ക് പെട്ടെന്ന് ഉത്തരം നൽകുന്നതാണ്. അവരുടെ പ്രാർഥന തടയുകയില്ല.

1. കഷ്ടപ്പെടുന്നവന്റെ പ്രാർഥന: കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർഥിച്ചാൽ അവന്ന് അല്ലാഹു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല,അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (അന്നംല് 62).

2. അക്രമിക്കപ്പെട്ടവന്റെ പ്രാർഥന: അബൂഹുറയ്റﷺവിൽ നിന്ന്: നബിﷺ പറഞ്ഞു: "മൂന്ന് വിഭാഗമാളുകൾ; അവരുടെ പ്രാർഥനകൾ തടയപ്പെടുകയില്ല: അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്ര ക്കാരന്റെ പ്രാർഥന, മക്കൾക്ക് വേണ്ടി മാതാപിതാക്കളുടെ പ്രാർഥന" (തിർമിദി, അൽബാനി ഈ ഹദീഥ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

3. നോമ്പുകാരന്റെയും യാത്രക്കാരന്റെയും പിതാവിന്റെയും പ്രാർഥന: നബിﷺ പറഞ്ഞു: "മൂന്ന് പ്രാർഥനകൾക്ക് ഉത്തരം ലഭിക്കും: നോമ്പുകാരന്റെ പ്രാർഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന."

4. വിശ്വാസി തന്റെ കൂട്ടുകാരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ നടത്തുന്ന പ്രാർഥന: നബിﷺ പറഞ്ഞു: "മുസ്‌ലിമായ ഒരു വ്യക്തി, തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ പ്രാർഥിക്കുന്നത് സ്വീകരിക്കപ്പെടുന്നതാണ്. അവന്റെ തലയുടെ ഭാഗത്ത് (കാര്യങ്ങൾ) ഏൽപിക്കപ്പെട്ട ഒരു മലക്കുണ്ട്. തന്റെ സഹോദരന് നന്മക്ക് വേണ്ടിയുള്ള ഓരോ പ്രാർഥനാവേളയിലും മലക്ക് പറയും: 'ആമീൻ, നിനക്കും അതുപോലെയുണ്ടാവട്ടെ" (മുസ്‌ലിം).

5. ഐശ്വര്യ സമയത്തും ബുദ്ധിമുട്ടുള്ള സമയത്തുമുള്ള പ്രാർഥന: അബൂഹുറയ്റﷺവിൽ നിന്ന്: പ്രവാകൻﷺ പറഞ്ഞു: "ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർഥന അധികരിപ്പിക്കട്ടെ" (തിർമിദി. ഈ ഹദീഥ് ഹസനാണെന്ന് അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).

6. അല്ലാഹുവിനെ ധാരാളം സ്മരിക്കുന്നവന്റെയും അക്രമിക്കപ്പെട്ടവന്റെയും നീതിമാനായ ഇമാമിന്റെയും പ്രാർഥന: അബൂഹുറയ്റﷺ നിവേദനം: പ്രവാചകൻﷺ പറഞ്ഞു: "മൂന്ന് വിഭാഗമാളുകൾ, അവരുടെ പ്രാർഥനകൾ തടയപ്പെടുകയില്ല. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവർ, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, നീതിമാനായ ഭരണാധികാരിയുടെ പ്രാർഥന" (ബൈഹഖി, ഈ ഹദീഥ് ഹസനാണെന്ന് അൽബാനി വ്യക്തമാക്കിയിട്ടുണ്ട്). ●

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com





# അഹ്മദ് രിളാഖാൻ ബറേൽവി: തുടക്കവും പരിണാമവും

**പേ**രുകേട്ട ഹനഫീ പണ്ഡിതന്മാരുടെ കുടുംബത്തിൽ ഉത്തർപ്രദേശ് സംസ്ഥാനത്തെ ബറേലിയിലാണ് അഹ്മദ് രിളാഖാൻ ബറേൽവി ജനിച്ചത്. പിതാവ് മുഹമ്മദെന്നും മാതാവ് അമ്മൻ മിയാനെന്നും പേരുവിളിച്ചെങ്കിലും ബറേൽവിക്ക് ഇതൊന്നും തൃപ്തികരമായില്ല. സ്വന്തമായി സ്വീകരിച്ച 'അബ്ദുൽ മുസ്ത്വഫ' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടത്. ഇസ്‌ലാമിക വിശ്വാസ പ്രമാണമനുസരിച്ച് മനുഷ്യരെല്ലാം അല്ലാഹുവിന്റെ അടിമകളാണ്. നബിﷺയുടെ അടിമ, അലിؓയുടെ അടിമ എന്നിങ്ങനെ സൃഷ്ടികളിൽ ആരുടെയെങ്കിലും അടിമ എന്ന് ധ്വനിപ്പിക്കുന്ന എല്ലാ നാമകരണങ്ങൾ ഇസ്‌ലാം വിലക്കിയതാണെന്നതൊന്നും ബറേൽവിക്ക് വിലങ്ങുതടിയായില്ല!

ദേശീയ സ്വാതന്ത്ര്യ സമരം ശക്തമായി മുന്നേറുന്ന സാഹചര്യത്തിൽ ബറേൽവിയെ വിപുലമായ നിലയിൽ ഉപയോഗപ്പെടുത്താൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞു. ബ്രിട്ടീഷ് വിരോധികളായ എല്ലാ സമൂഹത്തിനെയും കക്ഷി ഭേദമന്യെ 'വഹാബി'കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബറേൽവിയുടെ മതവിധികൾ ബ്രിട്ടീഷ് അധികാരികൾ തന്നെ വ്യാപകമായി പ്രചരിപ്പിച്ചു. വഹാബികളെപ്പറ്റി ബറേൽവി പ്രചരിപ്പിച്ച ഫത്വകളിൽ ഇപ്രകാരം കാണാം: "നിശ്ചയം വഹാബികൾ മുർതദ്ദുകൾ (മതപരിത്യാഗം സംഭവിച്ചവർ) ആകുന്നു. അവരിൽനിന്നും ജിസ്‌യ പിരിക്കാനോ അവർക്ക് സംരക്ഷണം നൽകാനോ പാടില്ല. അവരുടെ സ്ത്രീകളെ അടിമകളായി പിടിക്കാവുന്നതാ

ഇത് കേവലം ബറേൽവിയിൽ മാത്രം പരിമിതമായിരുന്നില്ല. അയാളുടെ പിതാവിന്റെയും പിതാമഹന്റെയും പേരുകൾ സുന്നികൾ സ്വീകരിക്കുന്നവയായിരുന്നില്ല. ശിയാക്കൾ സാധാരണ സ്വീകരിക്കുന്ന പേരുകളായിരുന്നു അവർക്കുമുണ്ടായിരുന്നത്. ക്ഷിപ്രകോപിയും ആരെയും തെറിപറയുന്നതിന് യാതോരുവിധ മടിയുമില്ലാത്ത ബറേൽവിയുടെ ശാരീരിക, മാനസിക പ്രകൃതത്തെപ്പറ്റി നിരവധി രേഖകൾ തെളിവായുദ്ധരിക്കാൻ സാധിക്കും.

ആരുടെയും ഉപദേശങ്ങൾ സ്വീകരിക്കുകയോ മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്യാത്ത ബറേൽവിക്ക് തന്റെ ഗുരുനാഥന്മാരുമായിതന്നെ നിരന്തരം ഇടയേണ്ടിവന്നിട്ടുണ്ട്. ഇത്രമാത്രം അനുസരണംകെട്ട ഒരുവ്യക്തിയെ വഹാബി വിരോധിയായി കിട്ടിയതിൽ എറ്റവും സന്തോഷിച്ചത് ബ്രിട്ടീഷുകാരായിരുന്നു. ബറേൽവിയുടെ ശക്തമായ വഹാബി വിരോധത്തിന് അയാളുടെ മുരീദുമാർ തന്നെ രേഖപ്പെടുത്തുന്ന ഒരുകഥ ഏറെ പ്രസിദ്ധമാണ്. യുവാവായ ബറേൽവി ഒരിക്കൽ അറിവ് സമ്പാദനത്തിന്റെ ഭാഗമായി ഒരു പ്രമുഖ പണ്ഡിതനെ സമീപിച്ചു. അദ്ദേഹം ബറേൽവിയുടെ അഭിരുചികളെക്കുറിച്ച് ചോദിച്ചറിയാൻ ശ്രമിച്ചു. വഹാബി/ദയൂബന്ധികളെ വിമർശിക്കലും അവരെ താറടിക്കലുമാണ് തന്റെ ഹോബിയെന്ന് അദ്ദേഹം മറുപടി പറഞ്ഞു. എന്നാൽ ഈ സ്വഭാവം ഉപേക്ഷിക്കണമെന്നും ശരിയായ നടപടിയല്ലെന്നും ആ ഗുരുനാഥൻ ബറേൽവിയെ ഉപദേശിച്ചു. ഈ നിർദേശം ബറേൽവിയെ പ്രകോപിതനാക്കി. തന്നെ ഉപദേശിക്കാൻ ശ്രമിച്ച പണ്ഡിതനിൽനിന്നും അറിവ് പഠിക്കാൻ കൂട്ടാക്കാതെ ബറേൽവി മടങ്ങിപ്പോയി. അത്രമാത്രം വിദ്വേഷവും കോപവും വഹാബികളെപ്പറ്റി തുടക്കംമുതൽ പുലർത്തിവന്നിരുന്ന വ്യക്തിയായിരുന്നു ബറേൽവി.

ചെറുപ്പത്തിൽതന്നെ അതിശയകരമായ നിലയിൽ ബുദ്ധിസാമർഥ്യവും കഴിവും പ്രകടിപ്പിച്ച ബറേൽവിയെപ്പറ്റി സ്വന്തം അനുയായികളും വ്യാപകമായ നിലയിൽ കല്ലുവെച്ച നുണകളും കളവുകളും പറഞ്ഞുപരത്തി. ബറേൽവിയുടെ ജീവിതത്തിലെ അത്ഭുത സംഭവങ്ങളെന്ന നിലയിലായിരുന്നു ഈ പ്രചാരണങ്ങൾ. ഈ പ്രചാരണങ്ങൾ പലപ്പോഴും ബറേലൽവിയെ പ്രവാചന്മാരുടെയും മലക്കുകളുടെയും പദവിക്ക് അപ്പുറത്തേക്ക് ഉയർത്തുന്ന സാഹചര്യമുണ്ടായി. മതപരമായിതന്നെ ഏറ്റവും ഗൗരവമുള്ള ഇത്തരം പരാമർശങ്ങൾ ബറേൽവിക്കോ അയാളുടെ അനുയായികൾക്കോ ഒരു ഗൗരവ വിഷയമായി ഭവിച്ചിരുന്നില്ല. നേരത്തെ വ്യാജ പ്രവാചകത്വം വാദിച്ചതിന്റെ പേരിൽ മുസ്‌ലിം സമൂഹം ഒറ്റപ്പെടുത്തിയ മിർസാ ഗുലാം ഖാദിയാനിയുടെ സഹോദരൻ മിർസാഗുലാം ഖാദർ ബെക് ആയിരുന്നു ബറേൽവിയുടെ മുഖ്യഗുരുനാഥൻ.



**കേരളത്തിലെ സുന്നികളെന്ന പേരിൽ അറിയപ്പെടുന്നവർക്കിടയിൽ ആചാരപരമായും വിശ്വാസപരമായും നിലവിൽ നാം കണ്ടുവരുന്ന വൈകല്യങ്ങളുടെയെല്ലാം യഥാർഥ പിതാക്കൾ യഹൂദികളും നസ്വാറാക്കളുമാണ്. അവരിൽനിന്നും അത് യഹൂദ പാരമ്പര്യാവകാശികളായ ശിയാക്കളിലേക്ക് എത്തിച്ചേർന്നു. ശിയാക്കളുമായുള്ള ഗുരു-ശിഷ്യ ബന്ധത്തിലൂടെ അത് ബറേൽവികൾ സ്വീകരിക്കുകയും അത് ക്രമേണ നമ്മുടെ കേരളക്കരയിലും എത്തിച്ചേരുകയും ചെയ്തുവെന്ന് മനസ്സിലാക്കുന്നതാണ് കൂടുതൽ ശരിയായ നിലപാട്.**

ണ്. അവരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടാനോ, അവർ അറുത്തത് ഭക്ഷിക്കാനോ, അവരുടെ പേരിൽ മയ്യിത്ത് നമസ്കാരമോ അനുവദനീയമല്ല. അവരുമായി സഹകരിക്കാനും വേദി പങ്കിടാനും സംഭാഷണം നടത്താനും പാടില്ല. അല്ലാഹു അവരെ നശിപ്പിച്ചുകളയട്ടെ.

ബറേൽവിയെ ആത്മീയഗുരുവും നേതാവുമായി പരിഗണിക്കുന്ന കേരളത്തിലെ സമസ്തക്കാരെന്ന പേരിൽ അറിയപ്പെടുന്ന സുന്നികളും ഇതേവീക്ഷണം തന്നെയാണ് അവരുടെ മദ്റസാ പാഠപുസ്തകങ്ങളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അടുത്തകാലത്തായി ഇവരുടെ 'തീവ്രസുന്നിസത്തിന്' അൽപം ചിലമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്നതും കാണാതിരിക്കാനാവില്ല. സാമ്പത്തിക ലാഭം കൈവരിക്കാനാകുമെന്ന് ഉറപ്പുള്ളപക്ഷം എന്ത് വിട്ടുവീഴ്ചക്കും പുരോഹിതന്മാർ തയ്യാറാകുമെന്ന് കാലം തെളിയിച്ചുകഴിഞ്ഞു. ചെറുതും വലുതുമായ എല്ലാ ലേഖനങ്ങളിലും രചനകളിലും വഹാബികളെ ഒന്ന് കൊട്ടാതെ ബറേൽവി തന്റെ തൂലിക താഴെവച്ചിട്ടില്ല. എല്ലാം ബ്രിട്ടീഷ് സഹായം പ്രതീക്ഷിച്ചുകൊണ്ട് മാത്രമായിരുന്നു.

തികഞ്ഞ ബ്രിട്ടീഷ് ഭക്തനായിരുന്ന ബറേൽവിയുടെ അമിതഭക്തി കാരണം സ്വന്തം അനുയായികൾപോലും അയാളിൽനിന്നും അകന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഖിലാഫത്ത് സമരകാലത്ത് മുസ്‌ലിം സമൂഹം ഒന്നടങ്കം തുർക്കിയിലെ ഖലീഫക്ക് അനുകൂലമായി നിലകൊണ്ടപ്പോൾ തുർക്കിയിലെ ഉസ്മാനിയാ ഖലീഫമാർ ക്വുറൈശികൾ അല്ലെന്നും അതിനാൽ അവരുടെ ഖിലാഫത്തിന് പദവിയില്ലെന്നുമായിരുന്നു ബറേൽവിയുടെ വിചിത്രമായ നിലപാട്.

ബറേൽവി തികഞ്ഞ ബ്രിട്ടീഷ് ഭക്തനും അവരുടെ പിന്തുണക്കാരനുമായിരുന്നുവെന്ന വിഷയത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടില്ല. മിർസാ ഗുലാം ഖാദിയാനി നിർവഹിച്ച എല്ലാ ദൗത്യങ്ങളും ഏറ്റെടുത്ത് നിർവഹിച്ച ഇന്ത്യയിലെ രണ്ടാമത്തെ ഏജന്റ് എന്ന് പറയലാകും കൂടുതൽ ശരി. ദയൂബന്ധി, അഹ്‌ലുൽ ഹദീഥ്, നദ്‌വത്തുൽഉലമ തുടങ്ങിയ ഒട്ടുമിക്ക ചിന്താധാരകളും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി ഒറ്റക്കെട്ടായി നിലകൊണ്ടപ്പോൾ വഹാബി വിരോധത്തിന്റെ പേരുംപറഞ്ഞ് ബ്രിട്ടീഷ് സപ്പോർട്ടറായി നിലകൊണ്ടിരുന്ന ബറേൽവിയെപ്പറ്റിയുള്ള ചരിത്രകാരന്മാരുടെ രേഖപ്പെടുത്തലുകൾ അത്ഭുതാവഹമാണ്.

Ahmad Raza Khan Barelvi was principally a supporter of British rule and declared jihad against the British to be unlawful. His fatwa can be found on page 447 of his treatise AlMohajat, Al Mohtamanat Fi AyatalMumtahanat. Francis Robinson, in his book Separatism Amongst Indian Muslims: The politics of UP Muslims 1860 1923 on page 268 confirms the progovernment fatwas of Ahmad Raza Khan Barelvi.

ബ്രിട്ടീഷ് യുഗത്തിലെ മുസ്‌ലിം അവസ്ഥകളെയും നിലപാടുകളെയും സംബന്ധിച്ച് സമഗ്രമായ അപഗ്രഥനം നടത്തിയ പ്രമുഖ യൂറോപ്യൻ ചരിത്രകാരനും നിരീക്ഷകനുമായിരുന്ന ഫ്രാൻസിസ് റോബിൻസന്റെ വരികൾ ഇങ്ങനെ വായിക്കാം: "നിശ്ചയം, ബറേൽവിയുടെ ജോലി ബ്രിട്ടീഷ് ഭരണകൂടത്തെ സഹായിക്കലായിരുന്നു. ഒന്നാംലോക മഹായുദ്ധത്തിൽ അവർ ഭരണകൂടത്തിന് ശക്തി പകർന്നു. ഇതേ സംരക്ഷണവും പിന്തുണയും 1921ലെ ഖിലാഫത്ത് പ്രക്ഷോഭംവരെ അവർ തുടരുകയും ചെയ്തു. അവർ ബറേലിയിൽ നടത്തിയ മഹാസമ്മേളനത്തിൽ നിസ്സഹകരണ പ്രസ്ഥാനത്തോട് വിയോജിപ്പുള്ള എല്ലാനേതാക്കളും പണ്ഡിതന്മാരും പങ്കെടുത്തു. മുസ്‌ലിംകളിലെ മതപാഠശാലയിലെ വിദ്യാർഥികൾക്കിടയിൽ അവർക്ക് നല്ല സ്വാധീനമുണ്ടായിരുന്നു."

**ബറേൽവിയുടെ ചിന്തകൾ ശാലിയാത്തിയിലൂടെ കേരളത്തിലേക്ക്**

ബറേൽവിയുടെ, പ്രതിസന്ധിഘട്ടത്തിലെ ഇത്തരം വിചിത്ര നിലപാടുകൾ കേവലം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മാത്രം പരിമിതമായിരുന്നില്ല. ബറേൽവിയുടെ ആത്മീയ നായകത്വം അംഗീകരിക്കുകയും അയാളിൽനിന്നും പരമ്പരാഗതമായി അറിവ് നേടുകയും ചെയ്ത എല്ലാ സമൂഹത്തിലും ഈ നിലപാടുകളിലെ വൈകല്യം കടന്നുപിടിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും വലിയ തെളിവാണ് കേരളത്തിലെ സുന്നികൾ എന്നവകാശപ്പെടുന്ന ഒരു വിഭാഗത്തിന്റെ അത്ഭുതകരമായ നിലനിലപാടുകളും മനംമാറ്റവും. അഹ്മദ് രിളാഖാൻ ബറേൽവിയിൽനിന്നും അറിവ് സമ്പാദിച്ച കേരളത്തിലെ പ്രമുഖ സുന്നി പണ്ഡിതനായിരുന്നു അഹ്മദ് കോയാ ശാലിയാത്തി(1884-1954). ഹൈദരാബാദിലെ നൈസാമിന്റെ ആസ്ഥാനത്ത് മുഫ്തിയായും ഇദ്ദേഹം ജോലി ചെയ്തിരുന്നതായി അ

നുയായികൾ പറയുന്നുണ്ട്.

കേരളത്തിലെ മുസ്‌ലിംകൾക്ക് ആധികാരികമായി ഒരു മത സംഘടനയുണ്ടാകണമെന്ന ലക്ഷ്യത്തിൽ സ്ഥാപിക്കപ്പെട്ട കേരള ജംഇയ്യത്തുൽ ഉലമയെന്ന പണ്ഡിത കൂട്ടായ്മയിൽ ആദ്യമായി ഭിന്നതയുടെ ശബ്ദമുയർത്തി അവർക്കിടയിൽ ഗ്രൂപ്പിസം സംഭാവന ചെയ്തത് ബറേൽവിയുടെ ശിഷ്യപ്രമുഖനായിരുന്ന ചാലിയം അഹ്മദ് കോയ ആയിരുന്നു. വിശ്വാസികളെ ഭിന്നിപ്പിക്കുകയും പിഴപ്പിക്കുകയും ചെയ്യുന്നതിന്ന് തന്റെ ഗുരുവായ ബറേൽവി ചെയ്ത സേവനങ്ങളിൽ നിന്നും ഒട്ടും കുറയാത്ത നിലയിലുള്ള സേവനങ്ങൾ രചനകളായും ഫത്‌വകളായും ശാലിയാത്തിയും നൽകിയിട്ടുണ്ട്.

1925 ഒക്ടോബർ 16ന് കേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്വത്തിൽ ചാലിയം ജുമുഅ മസ്ജിൽ നടന്ന സമ്മേളനത്തിലെ മുഖ്യസംഘാടകനും ശാലിയാത്തി ആയിരുന്നു. എന്നാൽ തന്റെ ഗുരുവായ അഹ്മദ് രിളാഖാനിൽനിന്നും പരമ്പരാഗതമായി പകർന്നു ലഭിച്ച ഭിന്നിപ്പിക്കൽ പാരമ്പര്യവും 'വഹാബിയാക്കൽ' സ്വഭാവവും കാരണം ശാലിയത്തിക്ക് പ്രസ്തുത കൂട്ടായ്മയിൽ ഏറെക്കാലം തുടരാനായില്ല. ശാലിയാത്തിക്കൊപ്പം ബറേൽവി ആശയക്കാരായ പലരും സംഘടനയിൽനിന്നും പുറത്തായി. തുടർന്നാണ് പഴയ സംഘടനയിൽ ഒരു വാലുകൂടി ചേർത്തുകൊണ്ട് 1933 മാർച്ച് 5ന് സമസ്ത കേരളയെന്ന പുതിയ ബറേൽവി കൂട്ടായ്മക്ക് കേരളത്തിൽ തുടക്കമിട്ടത്. 1934 നവംബർ14ന് സമസ്ത കേരളയെന്ന പേരിൽ സംഘടന ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടപ്പോൾ അതിൽ പത്താം നമ്പർ മുശാവറ അംഗമായി ശാലിയാത്തിയുടെ പേരും എഴുതിച്ചേർത്തിരുന്നു.

വാലും തലയുമില്ലാത്ത ശിയാ വിശ്വാസ, ആചാരങ്ങളെ സുന്നി ആചാരങ്ങളാക്കി കോലംമാറ്റി, ഫറോക്ക് സുന്നി സമ്മേളനത്തിലെ എട്ടാം നമ്പർ പ്രമേയമായി അവതരിപ്പിച്ച് ആധികാരികത നേടിയെടുത്തതും ബറേൽവി സാഹിബിന്റെ ശിഷ്യനായ ശാലിയാത്തി ആയിരുന്നു. എട്ടാം നമ്പർ പ്രമേയത്തിൽ 'സുന്നത്ത് ജമാഅത്തി'ന്റെ വിശ്വാസ പ്രമാണങ്ങളായി ശാലിയാത്തി കെട്ടിയിറക്കിയവയൊന്നും തന്നെ 'അഹ്‌ലുസ്സുന്ന'യുടെ ഒരൊറ്റ ഗ്രന്ഥങ്ങളിലും അന്ത്യനാൾ വരെ തിരഞ്ഞാലും കാണാൻ കഴിയാത്തതാണ്. 'കേരള മുസ്‌ലിംകൾക്കിടയിൽ അനേകം കൊല്ലങ്ങളായിട്ട് നിരാക്ഷേപമായി നടന്നുവരുന്നതും നടത്തിവരുന്നതും'എന്ന് പ്രമേയത്തിന്റെ ആദ്യത്തിൽ പറഞ്ഞത് മാത്രമാണ് ലിസ്റ്റിൽ പറഞ്ഞ ഖുറാഫാത്തുകൾക്കുള്ള പ്രാമാണികമായ ആധികാരികത! ഒരു സംഗതി നിരാക്ഷേപമായി നടന്നുവന്നാൽ അത് കാലക്രമേണ ദീനായി (മതമായി) പരിഗണിക്കപ്പെടുമെന്ന അഭിനവ രീതിശാസ്ത്രം കൈരളിക്ക് സമ്മാനിച്ചതും ഈ ഫറോക്ക് സുന്നി സമ്മേളനമാണ്.

തുടർന്ന് അഹ്‌ലുൽ ഹദീഥ്/വഹാബികൾ തുടങ്ങിയവരുമായി സഹകരണമോ ബന്ധങ്ങളോ പാടില്ലെന്ന് പ്രഖ്യാപിക്കുന്ന സമസ്തയുടെ കുപ്രസിദ്ധമായ 'തർക്കുൽ മുവാലാത്ത്' പ്രഖ്യാപനം പുറത്തുവന്നു. ചാണിനു ചാണായും മുഴത്തിനു മുഴമായും ശാലിയാത്തി തന്റെ ഗുരുവായ ബറേൽവിയുടെ തലതിരിഞ്ഞ, വഴിപിഴച്ച ആശയങ്ങളെ കേരള മണ്ണിൽ വിതക്കുകയായിരുന്നു. ശാലിയാത്തിയുടെ കടന്നുവരവോടെയാണ്, ന്യൂനപക്ഷമെങ്കിലും സത്യത്തിന്റെ വക്താക്കളായി നിലകൊണ്ടിരുന്ന കേരള മുസ്‌ലിം സമൂഹത്തിൽ ശിയാ/ബറേൽവി ആശയങ്ങളും ശിർക്കൻ തത്ത്വങ്ങളും വ്യാപകമാകുന്നത്.

മക്കയിലെ ഹുനഫാഉകളായ ക്വുറൈശികൾക്കിടയിൽ സിറിയയിൽനിന്നും അഭ്യസിച്ച ശിർക്കൻ നടപടികളുമായി കടന്നുവന്ന അംറുബിൻ ലുഹയ്യിന്റെ പാരമ്പര്യവും ദൗത്യവുമാണ് ബറേൽവിയും പിന്നെ ശാലിയാത്തിയും ഈ മണ്ണിൽ വിതച്ചതെന്ന് പറഞ്ഞാൽ അത് അധികപ്പറ്റാകില്ല. ശൈഖ് ഇബ്നു അബ്ദുൽ വഹാബിനും അദ്ദേഹത്തിന്റെ ചിന്തകളിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഇസ്‌ലാഹിന്റെയും തജ്ദീദിന്റെയും മാർഗത്തിൽ ഗുണകാംക്ഷാ മനോഭാവത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന മുസ്‌ലിം സമൂഹത്തിനെതിരിലും ആക്ഷേപങ്ങളും പരിഹാസങ്ങളും കേരളമണ്ണിൽ ഇറക്കുമതിചെയ്യപ്പെട്ടതും ബറേൽവി-ശാലിയാത്തിമാരുടെ കടന്നുവരവോടെയാണ്.

കേരളത്തിലെ സുന്നികളെന്ന പേരിൽ അറിയപ്പെടുന്നവർക്കിടയിൽ ആചാരപരമായും വിശ്വാസപരമായും നിലവിൽ നാം കണ്ടുവരുന്ന വൈകല്യങ്ങളുടെയെല്ലാം യഥാർഥ പിതാക്കൾ യഹൂദികളും നസ്വാറാക്കളുമാണ്. അവരിൽനിന്നും അത് യഹൂദ പാരമ്പര്യാവകാശികളായ ശിയാക്കളിലേക്ക് എത്തിച്ചേർന്നു. ശിയാക്കളുമായുള്ള ഗുരു-ശിഷ്യ ബന്ധത്തിലൂടെ അത് ബറേൽവികൾ സ്വീകരിക്കുകയും അത് ക്രമേണ നമ്മുടെ കേരളക്കരയിലും എത്തിച്ചേരുകയും ചെയ്തുവെന്ന് മനസ്സിലാക്കുന്നതാണ് കൂടുതൽ ശരിയായ നിലപാട്. **(അവസാനിച്ചില്ല)** ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



**ഈസാ നബി(അ): 3**



# പരിശുദ്ധയായ മാതാവ്, അനുഗ്രഹീതനായ കുഞ്ഞ്

**വേ**ദനയോടെ അല്ലാഹുവിനോട് പ്രാർഥിച്ച മർയം ബീവി(റ)ക്ക് അല്ലാഹു ഉത്തരം ചെയ്തു. അല്ലാഹു പറയുന്നു:

"ഉടനെ അവളുടെ താഴ്ഭാഗത്ത് നിന്ന് (ഒരാൾ) വിളിച്ചു പറഞ്ഞു: നീ വ്യസനിക്കേണ്ട, നിന്റെ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കി തന്നിരിക്കുന്നു. നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചുകുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കണ്ണ് കുളിർത്തിരിക്കുകയും ചെയ്യുക. ഇനി നീ മനുഷ്യരിൽ ആരെയെങ്കിലും കാണുന്ന പക്ഷം ഇപ്രകാരം പറഞ്ഞേക്കുക: പരമകാരുണികന് വേണ്ടി ഞാൻ ഒരു വ്രതം നേർന്നിരിക്കയാണ്. അതിനാൽ ഇന്നു ഞാൻ ഒരു മനുഷ്യനോടും സംസാരിക്കുകയില്ല തന്നെ" (ക്വുർആൻ 19:24-26).

താഴ്‌വരയിൽ വെച്ച് മർയം ബീവിﷺയോട് ഈ കാര്യങ്ങൾ വിളിച്ചുപറഞ്ഞത് ജിബ്‌രീൽﷺ ആകാനും ആ കുഞ്ഞ് തന്നെ ആകാനും സാധ്യതയുണ്ട്. ജിബ്‌രീൽﷺ ആണെന്നതാണ് പ്രബലമായ അഭിപ്രായം. വിഷമിക്കേണ്ടതില്ല, താഴ്ഭാഗത്ത് കൂടി അരുവി ഒഴുക്കിത്തരുന്നതാണ്, സമീപത്തുള്ള ഈത്തപ്പന പിടിച്ചു കുലുക്കിയാൽ അതിൽ നിന്ന് പഴം വീഴുന്നതാണ്, അതെടുത്ത് കഴിക്കുക, കുഞ്ഞിനെ നോക്കി കൺകുളിർക്കുക, ജനങ്ങളോട് ഒന്നും സംസാരിക്കരുത് എന്നെല്ലാം അല്ലാഹു അറിയിച്ചു എന്ന് സാരം.

ഒരു സ്ത്രീ അങ്ങേയറ്റം അബലയും ദുർബലയുമായി മാറുന്ന ഘട്ടമാണല്ലോ പ്രസവം അടുത്ത സമയം. ഈ സമയത്ത് ഒരു ഈത്തപ്പന പിടിച്ചു കുലുക്കുവാനാണ് കൽപന. ഒരു ഈത്തപ്പന നല്ല ആരോഗ്യമുള്ള സമയത്ത് ഒരു പെണ്ണ് പിടിച്ചു കുലുക്കിയാൽ തന്നെ എത്രമാത്രം കുലുങ്ങും? ഈത്തപ്പഴം വീഴാൻ മാത്രം ശക്തിയിൽ ഈത്തപ്പന കുലുക്കാൻ ഒരു യുവാവിനെക്കൊണ്ട് സാധിക്കുമോ? എന്നാൽ മർയം ബീവിﷺയോട് കൽപിക്കുന്നത് അവരുടെ അങ്ങേയറ്റത്തെ ദുർബല ഘട്ടത്തിലാണ്! ഇത് ഒരു അത്ഭുതമായിരുന്നു. അവർക്ക് കഴിക്കാനുള്ള ഈത്തപ്പഴം ലഭിക്കാൻ ഒരു കാരണം മാത്രമായിരുന്നു ആ കുലുക്കൽ. യഥാർഥത്തിൽ ഈത്തപ്പഴം വീണത് അവരുടെ കുലുക്കലിന്റെ ശക്തി കൊണ്ടായിരുന്നില്ല. അല്ലാഹു അത്ഭുതകരമായി വീഴ്ത്തിക്കൊടുക്കുകയായിരുന്നു.

പ്രസവത്തോട് അടുത്ത് നിൽക്കുന്ന സമയത്താണല്ലോ ഈത്തപ്പഴം കഴിക്കാനായി കൽപന വരുന്നത്. ഇതുമായി ബന്ധപ്പെട്ട് പണ്ഡിതന്മാർ പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധേയമാണ്. ഇംറാൻ ഇബ്നു മൈമൂൻﷺ പറയുന്നു: "ഗർഭിണികളായ സ്ത്രീകൾക്ക് കാരക്കയെക്കാളും ഈത്തപ്പഴത്തെക്കാളും നല്ല ഒരു വസ്തുവില്ല." എന്ന് പറഞ്ഞിട്ട് അദ്ദേഹം "അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കണ്ണ് കുളിർത്തിരിക്കുകയും ചെയ്യുക" എന്ന ആയത്ത് പാരായണം ചെയ്തു.

ഇമാം ക്വുർത്വുബിﷺ തന്റെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ ഇപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്: റബീഅ് ബ്നു ഖൈസംﷺ പറഞ്ഞു: "ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ഗർഭിണികൾക്ക് ഈത്തപ്പഴത്തെക്കാൾ നല്ല (ഒരു ഭക്ഷണം) എന്റെ അടുത്തില്ല. ഗർഭിണികൾക്ക് ഈത്തപ്പഴത്തെക്കാൾ ശ്രേഷ്ഠമായത് ഉണ്ടെങ്കിൽ അല്ലാഹു അത് ഭക്ഷിപ്പിക്കുമായിരുന്നു. അതിനാൽ അവർ (പണ്ഡിതന്മാർ) പറഞ്ഞു: 'ഗർഭിണികൾക്ക് ആ സമയത്ത് ഈത്തപ്പഴം പതിവായിരുന്നു. അപ്രകാരം തന്നെ (നവജാത ശിശുവിന്) മധുരം നൽകലും.' പ്രസവം ഞെരുക്കമായാൽ ഈത്തപ്പഴത്തെക്കാൾ നല്ലത് ഇല്ല എന്നും രോഗികൾക്ക് തേനിനെക്കാൾ നല്ലതില്ല എന്നും പറയപ്പെട്ടിരിക്കുന്നു."

ഈത്തപ്പഴം ഉപയോഗിക്കുന്നത് ചിലർക്ക് ചില വിഷമങ്ങൾ ഉണ്ടാക്കിയേക്കും. അത്തരക്കാർ അത് ഉപയോഗിക്കുന്നത് ശ്രദ്ധിച്ചാകണം എന്നും പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്.

ഈത്തപ്പഴത്തിന്റെ അളവറ്റ ഗുണങ്ങൾ വൈദ്യശാസ്ത്രത്തിന് ഈ അടുത്ത കാലത്താണ് തെളിയിക്കാൻ കഴിഞ്ഞത്. എന്നാൽ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് അല്ലാഹു ഇതിന്റെ ഗുണത്തെ ക്വുർആനിലൂടെ നമുക്ക് അറിയിച്ചു തന്നിരിക്കുന്നു.

പല മഹാന്മാരും ഈത്തപ്പഴ ഉപയോഗത്തിന്റെ നേട്ടത്തെ സംബന്ധിച്ച് പറഞ്ഞത് നാം കണ്ടല്ലോ. എന്നാൽ ഇവ്വിഷയകമായി വന്ന ഹദീഥുകൾ ഒന്നും സ്വീകാര്യമല്ലെന്നാണ് പണ്ഡിതന്മാർ പറയുന്നത്. ഉദാഹരണം: 'പ്രസവം അടുത്തിരിക്കുന്ന നിങ്ങളുടെ സ്ത്രീകളെ നിങ്ങൾ ഈത്തപ്പഴം ഭക്ഷിപ്പിക്കുവിൻ. ഇനി ഈത്തപ്പഴം കിട്ടിയില്ലെങ്കിൽ കാരക്ക (ഭക്ഷിപ്പിക്കുവിൻ). മരങ്ങളിൽ വെച്ച് അല്ലാഹു ഏറ്റവും കൂടുതൽ ആദരിച്ചിട്ടുള്ള മരം മർയംﷺ വിശ്രമിക്കാൻ ഇരുന്ന മരമാകുന്നു.' ഈ റിപ്പോർട്ട് അസ്വീകാര്യമായ ഗണത്തിലാണ് പണ്ഡിതന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഒരു സ്ത്രീ അങ്ങേയറ്റം അബലയും ദുർബലയുമായി മാറുന്ന ഘട്ടമാണ് പ്രസവം അടുത്ത സമയം. ഈ സമയത്ത് ഒരു ഈത്തപ്പന പിടിച്ചു കുലുക്കുവാനാണ് കൽപന. ഒരു ഈത്തപ്പന നല്ല ആരോഗ്യമുള്ള സമയത്ത് ഒരു പെണ്ണ് പിടിച്ചു കുലുക്കിയാൽ തന്നെ എത്ര മാത്രം കുലുങ്ങും? ഈത്തപ്പഴം വീഴാൻ മാത്രം ശക്തിയിൽ ഈത്തപ്പന കുലുക്കാൻ ഒരു യുവാവിനെക്കൊണ്ട് സാധിക്കുമോ? എന്നാൽ മർയം ബീവിﷺയോട് കൽപിക്കുന്നത് അവരുടെ അങ്ങേയറ്റത്തെ ദുർബല ഘട്ടത്തിലാണ്! ഇത് ഒരു അത്ഭുതമായിരുന്നു. അവർക്ക് കഴിക്കാനുള്ള ഈത്തപ്പഴം ലഭിക്കാൻ ഒരു കാരണം മാത്രമായിരുന്നു ആ കുലുക്കൽ. യഥാർഥത്തിൽ ഈത്തപ്പഴം വീണത് അവരുടെ കുലുക്കലിന്റെ ശക്തി കൊണ്ടായിരുന്നില്ല. അല്ലാഹു അത്ഭുതകരമായി വീഴ്ത്തിക്കൊടുക്കുകയായിരുന്നു.**

മർയം ബീവിﷺയുടെ പ്രസവ വിവരം ജനങ്ങൾ അറിയാൻ പോകുന്ന ഒരു കാര്യമാണല്ലോ. ജനങ്ങൾ പല രൂപത്തിലും പ്രതികരിക്കും. അതിനാൽ തന്നെ മർയമിﷺനോട് സംസാരിക്കാതിരിക്കാനും താൻ മൗനവ്രതത്തിലാണ് എന്ന് അവരെ അറിയിക്കാനും കൽപിച്ചു.

മൗനവ്രതം അക്കാലത്ത് പുണ്യകരമായ ഒരു കർമമായിരുന്നു. പുണ്യകരമായ കാര്യമായതിനാലാണല്ലോ അവർ അത് നേർച്ചയാക്കിയത്. എന്നാൽ ഇന്ന് നമുക്ക് മൗനവ്രതം അനുഷ്ഠിക്കാൻ പാടില്ല.

ഇബ്നുഅബ്ബാസ്ﷺവിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "നബിﷺ ഖുത്വുബ പറയുന്നതിനിടയിൽ ഒരാൾ എഴുന്നേറ്റു നിൽക്കുകയായിരുന്നു. അപ്പോൾ നബിﷺ അയാളെ പറ്റി ചോദിച്ചു. അവർ പറഞ്ഞു: 'അത് അബൂഇസ്റാഈലാകുന്നു. ഇരിക്കാതെ, നിൽക്കുവാനും തണൽ കൊള്ളാതിരിക്കുവാനും സംസാരിക്കാതിരിക്കുവാനും നോമ്പെടുക്കുവാനും അയാൾ നേർച്ചയാക്കിയിരിക്കുന്നു.' അപ്പോൾ നബിﷺ പറഞ്ഞു: 'അദ്ദേഹത്തോട് കൽപിക്കുക; അയാൾ സംസാരിക്കുകയും തണൽ കൊള്ളുകയും ഇരിക്കുകയും നോമ്പ് പൂർത്തിയാക്കുകയും ചെയ്തു കൊള്ളട്ടെ" (ബുഖാരി).

മർയംﷺ പ്രസവിച്ചു. കുഞ്ഞിനെയും കൂട്ടി അവർ ജനങ്ങൾക്കിടയിലേക്ക് പുറപ്പെട്ടു. ക്വുർആൻ പറയുന്നു:

"അനന്തരം അവനെ(കുട്ടിയെ)യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്" (19:27).

ജനങ്ങൾ വിവരം അറിയുന്നതിന് മുമ്പ് തന്നെ കുടുംബം അത് അറിഞ്ഞിരുന്നു. അവരിൽ നിന്ന് തന്നെ ഇഷ്ടക്കാരായ പലരുടെയും സംസാരവും അവർ കേട്ടിരുന്നു. അവർ ചോദിച്ചു: 'ഓ, മർയം! വിത്തിൽ നിന്നല്ലാതെ കൃഷി ഉണ്ടാകുമോ?' അവർ(മർയം) പറഞ്ഞു: 'അതെ! ആദ്യത്തെ കൃഷിയെ സൃഷ്ടിച്ചത് ആരാണ്?' പിന്നീട് അയാൾ ചോദിച്ചു: 'വെള്ളത്തിൽ നിന്നും മഴയിൽ നിന്നുമല്ലാതെ വൃക്ഷം ഉണ്ടായിട്ടുണ്ടോ?' അവർ പറഞ്ഞു: 'അതെ, അപ്പോൾ ആരാണ് ആദ്യത്തെ വൃക്ഷത്തെ സൃഷ്ടിച്ചത്?' പിന്നീട് അയാൾ ചോദിച്ചു: 'ഒരു പുരുഷനിൽ നിന്നല്ലാതെ ഒരു കുഞ്ഞ് ഉണ്ടാകുമോ?' അവർ പറഞ്ഞു: 'അതെ, അപ്പോൾ ആരാണ് ആണിൽ നിന്നും പെണ്ണിൽ നിന്നുമല്ലാതെ ആദ്യത്തെ മനുഷ്യനെ സൃഷ്ടിച്ചത്?'(അൽബിദായഃ വന്നിഹായഃ)

പരിഹസിക്കാനും താഴ്ത്തിക്കെട്ടാനുമായി ഉയർത്തിയ ചോദ്യങ്ങൾക്ക് അവർ യുക്തിഭദ്രമായ മറുപടി നൽകി. അതിന് സാക്ഷികളായ വിശ്വാസികൾക്ക് അവരുടെ മറുപടി തൃപ്തികരമായി. എന്നാൽ മർയമിനോട് വെറുപ്പും വിദ്വേഷവും വെച്ച് നടക്കുന്ന ശത്രുക്കൾക്ക് അവരെ തകർക്കാൻ പറ്റിയ അവസരം കൈവന്നിരിക്കുകയാണല്ലോ. അവർ അത് മുതലെടുത്തു. അവർ അവരുടെ ആരോപണം ശക്തമാക്കി. സകരിയ്യാ നബിﷺയെയും മർയമിﷺനെയും അവിടെ ഉണ്ടായിരുന്ന യൂസുഫ് അന്നജ്ജാറിനെയും ബന്ധപ്പെടുത്തി പലതും കെട്ടിയുണ്ടാക്കി അവർ പ്രചാരണം തുടങ്ങിയിരുന്നു.

"ഹേ; ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല" (ക്വുർആൻ 19:28).

മർയമിന്റെ പിതാവ് ഇംറാനും മാതാവ് ഹന്നയും ആ നാട്ടിൽ പ്രശസ്തരായിരുന്നു. അവരാരും യാതൊരു ദുർവൃത്തിയും ചെയ്തിരുന്നില്ലല്ലോ. പിന്നെ നീ എങ്ങനെ ഇങ്ങനെയായി എന്നതാണ് അവരുടെ ചോദ്യം. അന്യായമായി ആ ദുഷ്ടന്മാർ മർയം ബീ



**മർയം ബീവിﷺയുടെ പ്രസവ വിവരം ജനങ്ങൾ അറിയാൻ പോകുന്ന ഒരു കാര്യമാണല്ലോ. ജനങ്ങൾ പല രൂപത്തിലും പ്രതികരിക്കും. അതിനാൽ തന്നെ മർയമിﷺനോട് സംസാരിക്കാതിരിക്കാനും താൻ മൗനവ്രതത്തിലാണ് എന്ന് അവരെ അറിയിക്കാനും കൽപിച്ചു. മൗനവ്രതം അക്കാലത്ത് പുണ്യകരമായ ഒരു കർമമായിരുന്നു. പുണ്യകരമായ കാര്യമായതിനാലാണല്ലോ അവർ അത് നേർച്ചയാക്കിയത്. എന്നാൽ ഇന്ന് നമുക്ക് മൗനവ്രതം അനുഷ്ഠിക്കാൻ പാടില്ല.**

വി(عليها السلام)യുടെയും മറ്റുള്ളവരുടെയും പേരിൽ വ്യഭിചാരാരോപണം നടത്തി.

മർയം(عليها السلام)യുടെ സഹോദരനായി പരിചയപ്പെടുത്തിയ ഹാറൂൻ മൂസാ(عليه السلام)യുടെ സഹോദരൻ ഹാറൂൻ(عليه السلام) അല്ല. മൂസാ നബി(عليه السلام)യുടെയും ഈസാ നബി(عليه السلام)യുടെയും ഇടയിൽ പതിമൂന്ന് നൂറ്റാണ്ടിന്റെ ദൈർഘ്യമുണ്ട്. എന്നാൽ ഈ കാര്യം മനസ്സിലാക്കാത്ത ചിലർ ക്വുർആനിലെ അബദ്ധമായി ഇതിനെ ഉയർത്തിക്കാട്ടാറുണ്ട്. യഥാർഥത്തിൽ ഇത് മർയം ബീവി(عليها السلام)യുടെ ഒരു സഹോദരൻ തന്നെയാണ്. ഇതിന് ബലം നൽകുന്ന ഒരു ഹദീഥ് കാണുക:

മുഗീറത്തുബ്നു ശുഅ്ബ(رضي الله عنه)യിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ നജ്റാനിൽ ചെന്നപ്പോൾ അവർ എന്നോട് (പലതും) ചോദിച്ചു. എന്നിട്ട് അവർ പറഞ്ഞു: 'ഓ, ഹാറൂനിന്റെ സഹോദരീ എന്ന് നിങ്ങൾ പാരായണം ചെയ്യുന്നുണ്ടല്ലോ? മൂസാ ഈസാക്ക് മുമ്പ് ഇങ്ങനെയും ഇങ്ങനെയുമൊക്കെയാണല്ലോ. (കാലദൈർഘ്യം ഉണ്ടല്ലോ എന്നർഥം). അങ്ങനെ ഞാൻ നബി(ﷺ)യുടെ അടുത്ത് ചെന്ന് അതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(ﷺ) പറഞ്ഞു: 'തീർച്ചയായും അവർ അവരുടെ (മക്കൾക്ക്) മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെയും നല്ല ആളുകളുടെയും പേര് വിളിക്കാറുണ്ടായിരുന്നു"(മുസ്‌ലിം).

പ്രസ്തുത ക്വുർആൻ വചനത്തിലെ ഹാറൂൻ എന്ന വ്യക്തി മർയം ബീവി(عليها السلام)യുടെ ഒരു സഹോദരൻ തന്നെയാണ് എന്ന് ഈ നബിവചനം നമുക്ക് വ്യക്തമാക്കിത്തരുന്നു. മാത്രവുമല്ല, ഹാറൂൻ എന്ന നാമം പിന്നീട് ആ സമൂഹത്തിൽ ധാരാളം പേർക്ക് പേര് വിളിക്കപ്പെട്ടതായി പല റിപ്പോർട്ടുകളിലും കാണാവുന്നതാണ്.

യഹൂദികൾ അല്ലാഹുവിന്റെ ശാപ കോപങ്ങൾക്ക് വിധേയരായവരാണല്ലോ. അതിന് പല കാരണങ്ങളും ഉണ്ട്. അതിൽ ഒന്ന് ക്വുർആൻ പറയുന്നു:

"അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും..." (4:156).

അല്ലാഹു ഏറെ മഹത്ത്വപ്പെടുത്തിയ മർയം ബീവി(عليها السلام)യുടെ പേരിൽ വമ്പിച്ച കളവ് പ്രചരിപ്പിച്ചതിനാൽ അല്ലാഹു അവരെ ശപിച്ചിരിക്കുന്നു.

മർയം(عليها السلام) ജനങ്ങളിലേക്ക് കുഞ്ഞിനെയുമായി ചെന്നപ്പോൾ വമ്പിച്ച അപവാദങ്ങളും ഇല്ലാ കഥകളും തനിക്കും സകരിയ്യാ നബി(عليه السلام)ക്കും യൂസുഫ് എന്ന അവിടെയുണ്ടായിരുന്ന ആ നല്ല മനുഷ്യനും എതിരിൽ പറഞ്ഞുകൊണ്ടിരിക്കുന്നു. മഹതിക്ക് അത് സഹിക്കാൻ സാധിച്ചില്ല. എന്ത് ചെയ്യും? ക്വുർആൻ പറയുന്നു:

"അപ്പോൾ അവൾ അവന്റെ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു. അവർ (ജനങ്ങൾ) പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും?" (19:29)

**മുഗീറത്തുബ്നു ശുഅ്ബ്വയിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ നജ്റാനിൽ ചെന്നപ്പോൾ അവർ എന്നോട് (പലതും) ചോദിച്ചു. എന്നിട്ട് അവർ പറഞ്ഞു: 'ഓ, ഹാറൂനിന്റെ സഹോദരീ എന്ന് നിങ്ങൾ പാരായണം ചെയ്യുന്നുണ്ടല്ലോ? മൂസാ ഈസാക്ക് മുമ്പ് ഇങ്ങനെയും ഇങ്ങനെയുമൊക്കെയാണല്ലോ. (കാലദൈർഘ്യം ഉണ്ടല്ലോ എന്നർഥം). അങ്ങനെ ഞാൻ നബി(ﷺ)യുടെ അടുത്ത് ചെന്ന് അതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(ﷺ) പറഞ്ഞു: 'തീർച്ചയായും അവർ അവരുടെ (മക്കൾക്ക്) മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെയും നല്ല ആളുകളുടെയും പേര് വിളിക്കാറുണ്ടായിരുന്നു"(മുസ്‌ലിം).**

ഈ പശ്ചാത്തലത്തെ പറ്റി ഇബ്നു കഥീർ(رحمه الله) വിവരിക്കുന്നത് കാണുക: "ശത്രുക്കൾ മർയമിനെ അങ്ങേയറ്റം പ്രയാസപ്പെടുത്തി. 'അപ്പോൾ അവൾ അവന്റെ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു.' അതായത് അവനോട് സംസാരിച്ചുകൊള്ളുക. അവൻ നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം തരുന്നതാണ്. അത് അവർക്ക് ഇഷ്ടമായില്ല. അവർ ദേഷ്യത്തോടെ ചോദിച്ചു: 'തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും?'

അത്ഭുതം! "അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. (അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു). അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എന്റെ മേൽ ശാന്തി ഉണ്ടായിരിക്കും" (ക്വുർആൻ 19:30-33). ●

അബൂ ഫായിദ
mail@nerpatham.com






# അവസാനത്തെ പേജ്

കാലമേയഭംഗുരം നിൻരഥമുരുളുന്നു
കാലുകളിടറി ഞാൻ നിൻകൂടെ ചരിക്കുന്നു
ബാല്യവും കൗമാരവും യൗവനമതും നീങ്ങി
വാർധക്യപ്പടിവാതിൽ കടന്നു കഴിഞ്ഞു ഞാൻ
പിന്നിട്ട ദശകളെൻ ചിന്തയിൽ വരുന്നേരം
എന്നിലെ മോഹപ്പക്ഷി ചിറകു വിടർത്തുന്നു
തിരിച്ചു വരുമോയെൻ കുഞ്ഞിളം ബാല്യമിനി
വെണ്ണിലാവിന്റ നിറ പുഞ്ചിരി പൊഴിക്കുവാൻ
വർണങ്ങൾ നിറഞ്ഞതാം ചാപല്യക്കൗമാരമേ
നിർഗമിച്ചല്ലോ നീയും, ചാരെ വന്നണയുമോ?
ലോകത്തെയടിമുടി മാറ്റുവാൻ കൊതിക്കുന്ന
കരുത്തിൻ യുവത്വമേ വരുമോ തിരിച്ചു നീ?
മുമ്പ് ഞാനുണ്ടായിരുന്നില്ലയിന്നുണ്ടേയിനി
നാളെഞാനുണ്ടാവില്ലെൻ ഇണ്ടലിൻ ഹേതുവതാം
ജീവിതക്കലണ്ടറിൻ അവസാനത്തെ പേജിൽ
എത്തുന്ന നിമിഷവും കാത്തു ഞാനിരിക്കുന്നു
തടുക്കാൻ കഴിയാത്ത സത്യമാണല്ലോ മൃത്യു
സത്യവിശ്വാസത്തോടെ മരിക്കാൻ കഴിഞ്ഞെങ്കിൽ
എന്നതേയുള്ളൂ ചിന്ത, ആവത് നൽകൂ നാഥാ!




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
23 March 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




## രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ

**ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ**
**വില: ₹ 40**

ദിക്റുകൾ വിശ്വാസിയുടെ ആയുധമാണ്. മലിനമായ അന്തരീക്ഷത്തിൽ ജീവിക്കുമ്പോൾ തിന്മകളിൽ നിന്ന് വിട്ടു നിൽക്കാനും സൂക്ഷ്മത കാത്തു സൂക്ഷിക്കാനും പ്രാർത്ഥനകളും പ്രകീർത്തനങ്ങളും വിശ്വാസിയെ ഏറെ സഹായിക്കും. രാവിലെയും വൈകുന്നേരവും വിശ്വാസി ചൊല്ലേണ്ട നിരവധി ദിക്റുകളുണ്ട്. അവയെ അർത്ഥ സഹിതം ക്രോഡീകരിച്ചിരിക്കുകയാണിവിടെ. ജീവിതത്തിൽ ദൈവസ്മരണ നിലനിർത്താൻ ഈ കൃതി സഹായിക്കും.

### പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 3. നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നിരീശ്വരവിശ്വാസം: യുക്തിയുടെ മരുപ്പറമ്പ് | അബ്ദുല്ല ബാസിൽ സി.പി / ₹ 40 |
| 6. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |